# പതിനഞ്ചാം കേരള നിയമസഭ

## ബുള്ളറ്റിൻ - ഭാഗം II

## 2022 ആഗസ്റ്റ്, 30

**നമ്പർ : 294**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 225 പ്രകാരം രൂപീകരിച്ച 2022- ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ ചെയർപേഴ്സണായി മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണിയെ നിയമിച്ചിരിക്കുന്നു. പ്രസ്തുത കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. ശ്രീമതി ജെ. ചിഞ്ചുറാണി, മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | ചെയർപേഴ്സൺ |
| 2. ശ്രീ. സി. എച്ച്. കുഞ്ഞമ്പു | അംഗം |
| 3. ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ | " |
| 4. ശ്രീ. കെ. ഡി. പ്രസേനൻ | " |
| 5. ശ്രീമതി യു. പ്രതിഭ | " |
| 6. ശ്രീ. ഡി. കെ. മുരളി | " |
| 7. ശ്രീ. ജി. എസ്. ജയലാൽ | " |
| 8. ശ്രീമതി സി. കെ. ആശ | " |
| 9. ശ്രീ. ജോബ് മൈക്കിൾ | " |
| 10. ശ്രീ. കെ. പി. മോഹനൻ | " |
| 11. ശ്രീ. അൻവർ സാദത്ത് | " |
| 12. ശ്രീ. മോൻസ് ജോസഫ് | " |
| 13. ശ്രീ. കുറുക്കോളി മൊയ്തീൻ | " |
| 14. ശ്രീമതി കെ. കെ. രമ | " |
| 15. ഡോ. മാത്യു കുഴൽനാടൻ | " |

**എ. എം. ബഷീർ,**
**സെക്രട്ടറി.**

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 128

# 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 128

# 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ

1035/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 128

# 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ

കേരള സംസ്ഥാനത്ത് തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ നിർമ്മാണം, സംഭരണം, വിതരണം, വിൽപന എന്നിവ നിയന്ത്രിക്കുന്നതിനും സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ തീറ്റ ഉറപ്പുവരുത്തുന്നതിനും വേണ്ടിയുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ ഉൽപാദനനിലവാരം പരിപാലിക്കുന്നതിനായി അവയുടെ ഉൽപാദനം, സംഭരണം, വിതരണം, വിപണനം എന്നിവ നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണെന്ന് സർക്കാരിന് അഭിപ്രായമുള്ളതിനാൽ, സംസ്ഥാനത്തെ കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും സുരക്ഷിതവും ഗുണമേന്മയുള്ളതുമായ തീറ്റ ലഭ്യത ഉറപ്പ് വരുത്തുന്നതിനും കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, തീറ്റവസ്തുക്കൾ, ധാതുലവണമിശ്രിതം എന്നിവയിലെ മായം കലർത്തലും മിസ്ബ്രാൻഡിംഗും തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ഫെബ്രുവരി 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) " അഡിറ്റീവ് " എന്നാൽ കന്നുകാലികളുടെയും കോഴിവർഗ്ഗത്തിന്റെയും ക്ഷമത വർദ്ധനവിനായി അടിസ്ഥാന തീറ്റമിശ്രിതത്തിലോ അതിന്റെ ഘടകങ്ങളിലോ ചേർക്കുന്ന ഒരു പോഷകേതര ഇനമോ അല്ലെങ്കിൽ ഇനങ്ങളുടെ മിശ്രിതമോ എന്നർത്ഥമാകുന്നു;

(ബി) തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, കോമ്പൗണ്ട് ഫീഡ്, ധാതുലവണമിശ്രിതം എന്നിവയുമായി ബന്ധപ്പെട്ട് "മായം ചേർക്കൽ" എന്നാൽ ഏതെങ്കിലും തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ,—

(i) അതിന്റെ സ്വഭാവം, പദാർത്ഥം അല്ലെങ്കിൽ നിർണ്ണയിക്കപ്പെട്ട ഗുണനിലവാരമാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച പ്രഖ്യാപനവുമായി പൊരുത്തപ്പെടുന്നില്ല; അല്ലെങ്കിൽ

(ii) കന്നുകാലികളുടെയോ കോഴിവർഗ്ഗത്തിന്റെയോ ഉപഭോഗത്തിന് സുരക്ഷിതമല്ലാത്തതോ ഗുണനിലവാരമില്ലാത്തതോ ആക്കുന്ന ബാഹ്യവസ്തുക്കൾ അവയിൽ അടങ്ങിയിരിക്കുന്നു; അല്ലെങ്കിൽ

(iii) കന്നുകാലികൾക്കോ കോഴിവർഗ്ഗത്തിനോ ദോഷകരമാകുന്നവിധത്തിൽ രോഗകാരികളായ സൂക്ഷ്മാണുക്കൾ, കീടങ്ങൾ അല്ലെങ്കിൽ മൂഷികവർഗ്ഗത്തിൽപ്പെട്ട ജീവികൾ എന്നിവയാൽ ബാധിക്കപ്പെട്ടിരിക്കുകയോ അവയാൽ നശിപ്പിക്കപ്പെടുകയോ കേടുവരുത്തപ്പെടുകയോ ചെയ്യപ്പെട്ടിരിക്കുന്നു,

എന്നർത്ഥമാകുന്നു;

(സി) " അംഗീകൃത ഏജന്റ് " എന്നാൽ തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ സംഭരണം, വിതരണം, വിൽപനയ്ക്കായുള്ള പരിവഹനം, വിപണനം എന്നിവ, അവയുടെ നിർമ്മാതാക്കളുമായുള്ള സമ്മതപത്രത്തിന്റെയോ കരാറിന്റെയോ അടിസ്ഥാനത്തിൽ നടത്തുന്ന നിയമാനുസൃത ലൈസൻസുള്ള ഏതൊരാളും എന്നർത്ഥമാകുന്നു ;

(ഡി) "അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ" എന്നാൽ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാരിനാൽ അധികാരപ്പെടുത്തപ്പെട്ട ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ഇ) "കോമ്പൗണ്ട് ഫീഡ്" എന്നാൽ കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും അവയുടെ വളർച്ച, ഉൽപാദനം, പ്രത്യുൽപാദനസ്ഥിതി എന്നിവയ്ക്കനുസരണമായി ആഹാരമായി നൽകുന്നതിനുവേണ്ടി, നിർണ്ണയിക്കപ്പെട്ട മാനദണ്ഡങ്ങളനുസരിച്ച് തയ്യാറാക്കിയിട്ടുള്ള, പൊടിച്ചതോ ഉരുളയാക്കിയതോ തരിയാക്കിയതോ മിശ്രിതമാക്കിയതോ ആയ തീറ്റ എന്നർത്ഥമാകുന്നു;

(എഫ്) "സാന്ദ്രീകൃതാഹാരം" എന്നാൽ അറുപത് ശതമാനത്തിൽ കൂടുതൽ സമ്പൂർണ്ണ ദഹ്യപോഷകങ്ങളും (ടോട്ടൽ ഡൈജസ്റ്റിബിൾ ന്യൂട്രിയന്റ്സ്) പതിനെട്ട് ശതമാനത്തിൽ താഴെ അസംസ്കൃതനാരംശവും അടങ്ങിയിട്ടുള്ള ഉയർന്ന പോഷക സാന്ദ്രതയുള്ള തീറ്റവസ്തു എന്നർത്ഥമാകുന്നു;

(ജി) "മലിനീകരണവസ്തു" എന്നാൽ തീറ്റയിൽ ചേർത്തതോ അല്ലാത്തതോ ആയതും, എന്നാൽ ഉൽപാദനം (വിള സംരക്ഷണത്തിനുവേണ്ടി നടത്തുന്ന പ്രക്രിയകൾ ഉൾപ്പെടെ), നിർമ്മാണം, സംസ്കരണം, പാക്കിംഗ്, ഗതാഗതം, സംഭരണം എന്നിവയുടെ ഫലമായി ബാഹ്യപരിസ്ഥിതിയുടെ സ്വാധീനത്താൽ തീറ്റയിൽ കാണപ്പെടുന്നതുമായ ഏതൊരു വസ്തു എന്നർത്ഥമാകുന്നു;

(എച്ച്) "ഡീലർ" എന്നാൽ തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവ ഏത് രീതിയിലായാലും, നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഏറ്റവും കുറഞ്ഞ അളവിന് വിധേയമായി, വിൽപനയോ വിതരണമോ അല്ലെങ്കിൽ വിൽപനയും വിതരണവും ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഒരു ആൾ, ആളുകളുടെ ഒരു അസോസിയേഷൻ, ഒരു ഫേം അല്ലെങ്കിൽ ഒരു ഏജൻസി എന്നർത്ഥമാകുന്നതും, അതിൽ മുകളിൽ പറഞ്ഞിരിക്കുന്ന വ്യാപാരം നടത്തുവാൻ ഉത്തരവാദിത്തപ്പെട്ട ഡയറക്ടറും പ്രൊപ്രൈറ്ററും മാനേജരും, ഏതു പേരിൽ വിളിക്കപ്പെട്ടാലും, ഉൾപ്പെടുന്നതുമാകുന്നു;

(ഐ) "തീറ്റ" എന്നാൽ കന്നുകാലികളുടെ/കോഴിവർഗ്ഗത്തിന്റെ ആഹാരക്രമത്തിൽ പോഷകങ്ങൾ നൽകുന്നതും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ പദാർത്ഥം എന്നർത്ഥമാകുന്നു;

(ജെ) "ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ" എന്നാൽ ഈ ആക്റ്റിലെ 10-ാം വകുപ്പിന്റെ (iii)-ാം ഇനം പ്രകാരം സർക്കാർ നിയോഗിച്ച ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(കെ) "ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ" എന്നാൽ ഈ ആക്റ്റിലെ 10-ാം വകുപ്പിന്റെ (ii)-ാം ഇനം പ്രകാരം സർക്കാർ നിയോഗിച്ച ഒരു ജില്ലാതല ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(എൽ) "ഫീഡ് മിൽ" എന്നാൽ കോമ്പൗണ്ട് ഫീഡ് അല്ലെങ്കിൽ കസ്റ്റമർ ഫോർമുല തീറ്റ ആയ കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവ നിർമ്മിക്കുന്നതിനുള്ള സ്വയംപ്രവർത്തിക്കുന്നതോ അല്ലെങ്കിൽ ഭാഗികമായി സ്വയംപ്രവർത്തിക്കുന്നതോ ആയ പ്ലാന്റ് എന്നർത്ഥമാകുന്നു;

(എം) "തീറ്റയുടെ ചേരുവകൾ" എന്നാൽ കന്നുകാലികളുടെയും കോഴികളുടെയും ആഹാരത്തിൽ ഉൾപ്പെടുത്തുന്നതോ കന്നുകാലികൾക്കും കോഴികൾക്കും നേരിട്ട് ഭക്ഷണമായി നൽകുന്നതോ ആയ നിർണ്ണയിക്കപ്പെട്ട പോഷക സമൃദ്ധമായ പദാർത്ഥം എന്നർത്ഥമാകുന്നു;

(എൻ) "തീറ്റവസ്തു" എന്നാൽ കന്നുകാലികളെയും കോഴിവർഗ്ഗത്തിനെയും നിലനിർത്തുന്നതിനുവേണ്ടി പ്രകൃത്യാലുണ്ടാകുന്ന ഏതെങ്കിലും തീറ്റഘടകമോ പദാർത്ഥമോ എന്നർത്ഥമാകുന്നു:

എന്നാൽ സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, മറ്റേതൊരു പദാർത്ഥത്തേയും, അവയുടെ ഉപയോഗമോ സ്വഭാവമോ ഗുണനിലവാരമോ കണക്കിലെടുത്ത് തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയായി പ്രഖ്യാപിക്കാവുന്നതാണ്;

(ഒ ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(പി) "ലൈസൻസിംഗ് അതോറിറ്റി" എന്നാൽ ഈ ആക്റ്റിലെ 10-ാം വകുപ്പിന്റെ (i)-ാം ഇനം പ്രകാരം സർക്കാർ നിയോഗിച്ച ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ക്യൂ) "കന്നുകാലി" എന്നാൽ അധ്വാനത്തിനുവേണ്ടിയോ പാൽ, മാംസം, രോമങ്ങൾ, തുകൽ അല്ലെങ്കിൽ കമ്പിളി തുടങ്ങിയവ ഉൽപാദിപ്പിക്കുന്നതിന് വേണ്ടിയോ ഒരു കാർഷിക പശ്ചാത്തലത്തിൽ വളർത്തുന്ന വളർത്തുമൃഗങ്ങൾ എന്നർത്ഥമാകുന്നു;

(ആർ) "നിർമ്മാതാവ്" എന്നാൽ തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയിൽ ഏതെങ്കിലുമോ അല്ലെങ്കിൽ എല്ലാമോ, സ്വന്തം യൂണിറ്റിലോ അല്ലെങ്കിൽ അയാളുടെ/അവരുടെ ഉടമസ്ഥതയിലല്ലാത്ത ഒരു യൂണിറ്റിലോ നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആൾ/ആളുകൾ, കമ്പനികൾ, ഇൻസ്റ്റിറ്റ്യൂഷനുകൾ, സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു;

(എസ്) "ധാതുലവണമിശ്രിതം" എന്നാൽ കന്നുകാലികൾക്കും കോഴി വർഗ്ഗത്തിനും അനുപൂരകതീറ്റയായി ഉപയോഗിക്കാവുന്നതും മായമോ ദുർഗന്ധമോ ഇല്ലാത്ത പ്രധാനമോ അപ്രധാനമോ ആയ ധാതുലവണമൂലകങ്ങളുടെ ഏതു രൂപത്തിലുമുള്ള മിശ്രിതം എന്നർത്ഥമാകുന്നു;

(റ്റി) "മിസ്ബ്രാൻഡഡ്" എന്നാൽ ഏത് ലേബൽ, ബ്രാൻഡ്, ടാഗ്, അറിയിപ്പ് അല്ലെങ്കിൽ പരസ്യം എന്നിവ പ്രകാരമാണോ ഒരു ഉൽപന്നം വിൽക്കുന്നത്, അത് ഏതെങ്കിലും തരത്തിൽ തെറ്റായതോ അല്ലെങ്കിൽ തരം, ഗ്രേഡ് അല്ലെങ്കിൽ ഗുണനിലവാരം അല്ലെങ്കിൽ ഘടന എന്നിവയെക്കുറിച്ച് തെറ്റിദ്ധരിപ്പിക്കുന്നതോ അല്ലെങ്കിൽ വാസ്തവത്തിൽ ഒരു നിർമ്മാതാവിന്റെ ഉൽപന്നം ആയിരിക്കെ അത് മറ്റൊരു നിർമ്മാതാവിന്റെ ഉൽപന്നമായി വിൽക്കുകയോ ചെയ്യുന്നെങ്കിൽ, അല്ലെങ്കിൽ ഉൽപന്നത്തെ സംബന്ധിച്ച് അവ വിൽക്കുന്നതിനുപയോഗിക്കുന്ന ലേബൽ, ബ്രാൻഡ്, ടാഗ്, അറിയിപ്പ് അല്ലെങ്കിൽ പരസ്യം എന്നിവയിൽ തെറ്റായ പ്രസ്താവന ഉണ്ടെങ്കിലോ എന്നർത്ഥമാകുന്നു;

(യു) "പിണ്ണാക്ക് (ഓയിൽ കേക്ക്)" എന്നാൽ എണ്ണക്കുരുക്കളിൽ നിന്ന് എണ്ണകൾ, കൊഴുപ്പുകൾ അല്ലെങ്കിൽ മറ്റുദ്രാവകങ്ങൾ നീക്കം ചെയ്തതിനുശേഷം ലഭ്യമാകുന്ന പദാർത്ഥം എന്നർത്ഥമാകുന്നു;

(വി ) "ഓയിൽ മീൽ " എന്നാൽ എണ്ണക്കുരുക്കളിൽ നിന്ന് എണ്ണയും കൊഴുപ്പും വേർതിരിച്ചെടുക്കുന്നതിനുവേണ്ടി യന്ത്രസമ്മർദ്ദം പ്രയോഗിക്കുന്നതിലൂടെ അവശേഷിക്കുന്ന പദാർത്ഥം എന്നർത്ഥമാകുന്നു;

(ഡബ്ല്യൂ) "കോഴിവർഗ്ഗം" എന്നാൽ കോഴി, താറാവ്, ടർക്കി, ഹംസം (വാത്ത) എന്നിവ ഉൾപ്പെടെയുള്ളവ എന്നർത്ഥമാകുന്നു;

(എക്സ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാലോ റഗുലേഷനുകളാലോ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(വൈ) " നാരാഹാരം " എന്നാൽ അറുപത് ശതമാനത്തിൽ താഴെ സമ്പൂർണ്ണ ദഹ്യപോഷകങ്ങളും (ടോട്ടൽ ഡൈജസ്റ്റിബിൾ ന്യൂട്രിയന്റ്സ്) പതിനെട്ട് ശതമാനത്തിൽ കൂടുതൽ നാരംശവും അടങ്ങിയിട്ടുള്ള ഉയർന്ന പോഷകസാന്ദ്രത ഉള്ള തീറ്റവസ്തു എന്നർത്ഥമാകുന്നു;

(ഇസഡ്) തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുമായി ബന്ധപ്പെട്ട് "വിൽപന" എന്നാൽ അന്തിമമായി പണമടച്ചതിനോ വാഗ്ദാനം ചെയ്തതിനോ, ഭാഗികമായി അടച്ചതിനോ ഭാഗികമായി വാഗ്ദാനം ചെയ്തതിനോ പകരമായുള്ള, വാക്കാലുള്ളതോ അല്ലെങ്കിൽ രേഖാമൂലമുള്ളതോ ആയ ഉടമസ്ഥാവകാശകൈമാറ്റം എന്നർത്ഥമാകുന്നു;

(ഇസഡ് എ) "സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി" എന്നാൽ ഈ ആക്റ്റിലെ 26-ാം വകുപ്പ് പ്രകാരം രൂപവത്ക്കരിച്ച കമ്മിറ്റി എന്നർത്ഥമാകുന്നു;

(ഇസഡ് ബി) "നിലവാരമില്ലാത്തത്" എന്നാൽ നിർണ്ണയിക്കപ്പെട്ട നിലവാരമില്ലാത്തത് എന്നർത്ഥമാകുന്നു;

(ഇസഡ് സി) "അൺഫെയർ ട്രേഡ് പ്രാക്ടീസ് " എന്നതിന് 2019-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്റ്റിന്റെ (2019-ലെ 35-ാം നമ്പർ) 2-ാം വകുപ്പിന്റെ (47)-ാം ഉപവകുപ്പിൽ അതിന് നൽകിയിരിക്കുന്ന അതേ അർത്ഥം തന്നെയായിരിക്കുന്നതാണ് .

3. <u>കന്നുകാലിത്തീറ്റ അല്ലെങ്കിൽ കോഴിത്തീറ്റയിൽ ഉപയോഗിക്കേണ്ട തീറ്റവസ്തുക്കൾ അല്ലെങ്കിൽ തീറ്റയുടെ ചേരുവകൾ</u>.—(1) കന്നുകാലികൾക്കും കോഴി വർഗ്ഗത്തിനും വേണ്ടിയുള്ള കോമ്പൗണ്ട് ഫീഡിന്റെ ഉൽപാദനത്തിനായി ഉപയോഗിക്കേണ്ട തീറ്റവസ്തുക്കളിൽ അല്ലെങ്കിൽ തീറ്റയുടെ ചേരുവകളിൽ താഴെപ്പറയുന്നവ ഉൾപ്പെട്ടുത്താവുന്നതാണ്, അതായത്:—

(i) "നാരാഹാരം": പച്ചപ്പുല്ല്, സംപുഷ്ടീകരിച്ച പച്ചപ്പുല്ല് (സൈലേജ്), വൈക്കോൽ, ഉണക്കി സൂക്ഷിച്ച പച്ചപ്പുല്ല് (ഹേ), സംപുഷ്ടീകരിച്ചതോ അല്ലാത്തതോ ആയ വൈക്കോൽ, വിളാവശിഷ്ടങ്ങൾ എന്നിവയുൾപ്പെടുന്ന ഉണങ്ങിയതോ പച്ചയോ ആയ സസ്യോൽപന്നങ്ങൾ;

(ii) സാന്ദ്രീകൃതാഹാരങ്ങൾ:

(എ) പ്രധാന ചേരുവകൾ,—

(i) നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ധാന്യങ്ങൾ, വിത്തുകൾ;

(ii) നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ളതും കന്നുകാലികളുടെയും കോഴിവർഗ്ഗത്തിന്റെയും ഉപഭോഗത്തിന് സുരക്ഷിതവുമായ പിണ്ണാക്കുകൾ, ഓയിൽ മീൽ, പയറുവർഗ്ഗങ്ങൾ പോലുള്ള സസ്യജന്യ-മാംസ്യസ്രോതസ്സുകൾ, മാംസ്യ സംപുഷ്ടമായ കാർഷിക-വ്യാവസായിക ഉപോൽപ്പന്നങ്ങൾ;

(iii) അയവെട്ടുന്ന മൃഗങ്ങളുടെ തീറ്റയിൽ ഒഴികെ, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ജന്തുജന്യ മാംസ്യസ്രോതസ്സുകൾ;

(iv) കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും ഹാനികരമല്ലാത്ത, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള, വ്യാവസായികവും കാർഷികവുമായ ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ ഉപോൽപ്പന്നങ്ങൾ.

(ബി) സൂക്ഷ്മപോഷകങ്ങൾ/പൂരക പദാർത്ഥങ്ങൾ, അഡിറ്റീവുകൾ.

(2) കന്നുകാലികൾക്കുള്ള കോമ്പൗണ്ട് ഫീഡ് ഉൽപാദിപ്പിക്കുന്നതിൽ അരിയുടെ ഉമി, ആവണക്കിന്റെ ഉമി/പിശട്, ജട്രോഫ കേക്ക്/പിശട്, അറക്കപ്പൊടി, ജന്തുജന്യ ചേരുവകൾ എന്നിവ ഉപയോഗിക്കുന്നത് നിരോധിച്ചിരിക്കുന്നു.

(3) പ്രായം കുറഞ്ഞ അയവെട്ടുന്ന മൃഗങ്ങൾക്ക് വേണ്ടിയുള്ള തീറ്റ ഉൽപാദിപ്പിക്കുന്നതിൽ യൂറിയ അല്ലെങ്കിൽ അമോണിയം ലവണങ്ങൾ വർദ്ധിപ്പിക്കുന്ന

നോൺ-പ്രോട്ടീൻ നൈട്രജൻ കോമ്പൗണ്ട്സ് (അമിനോ ആസിഡുകൾ ഒഴികെ) നിരോധിച്ചിരിക്കുന്നു. എന്നിരുന്നാലും പ്രായപൂർത്തിയായ കന്നുകാലികൾക്കുള്ള തീറ്റയിൽ ഒരു ശതമാനത്തിൽ അധികരിക്കാത്തവിധം യൂറിയ ചേർക്കാവുന്നതാണ് .

(4) (1)-ഉം (2)-ഉം (3)-ഉം ഉപവകുപ്പുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളവയല്ലാതെ കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും വേണ്ടിയുള്ള കോമ്പൗണ്ട് ഫീഡിന്റെ നിർമ്മാണത്തിൽ ഉപയോഗിക്കേണ്ടതും ഉപയോഗിക്കുവാൻ പാടില്ലാത്തതുമായ അധികതീറ്റവസ്തു അല്ലെങ്കിൽ ചേരുവകൾ സർക്കാരിന്, കാലാകാലങ്ങളിൽ, ഔദ്യോഗികഗസറ്റിലെ വിജ്ഞാപനം വഴി, പ്രഖ്യാപിക്കാവുന്നതാണ്.

4. ധാതുലവണമിശ്രിതത്തിന്റെ നിർമ്മാണത്തിൽ ഉപയോഗിക്കേണ്ട ചേരുവകൾ.—(1) ധാതുലവണമിശ്രിതം നിർമ്മിക്കുന്നതിനുള്ള ലവണരൂപത്തിലുള്ള ചേരുവകൾ നിർണ്ണയിക്കപ്പെട്ട ഗുണനിലവാരമുള്ളതായിരിക്കേണ്ടതാണ്.

(2) കന്നുകാലികൾക്കുള്ള ധാതുലവണമിശ്രിതത്തിൽ ജന്തുജന്യഘടകങ്ങളും മാർബിൾപൊടി, ഡോളോമൈറ്റ്പൊടി, ഫെറിക് ഓക്സൈഡ്, കുപ്രിക് ഓക്സൈഡ്, മാംഗനീസ് ഡൈ ഓക്സൈഡ്, സംസ്കരിച്ചിട്ടില്ലാത്ത റോക്ക് ഫോസ്ഫേറ്റ് പോലെയുള്ള മറ്റ് ചേരുവകളും അടങ്ങിയിരിക്കുവാൻ പാടില്ലാത്തതാകുന്നു.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ പറഞ്ഞിട്ടുള്ളവയല്ലാതെ, കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും വേണ്ടിയുള്ള ധാതുലവണമിശ്രിതം നിർമ്മിക്കുമ്പോൾ ഉപയോഗിക്കേണ്ടതോ ഉപയോഗിക്കുവാൻ പാടില്ലാത്തതോ ആയ ചേരുവകൾ സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, പ്രഖ്യാപിക്കാവുന്നതാണ്.

5. നിർമ്മാണത്തിനും വിൽപനയ്ക്കുമുള്ള ലൈസൻസ്.—(1) നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള നിബന്ധനകൾ പാലിച്ചും അപ്രകാരമുള്ള ഫീസ് അടച്ചും അപ്രകാരമുള്ള ഫാറത്തിൽ അപേക്ഷ നൽകി ഈ ആക്റ്റിൻ കീഴിൽ നേടുന്ന, സാധുതയുള്ള ഒരു ലൈസൻസ് കൈവശമില്ലാത്ത യാതൊരാളും, തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ നിർമ്മിക്കുവാനോ സംഭരിക്കുവാനോ വിതരണം ചെയ്യുവാനോ വിപണനം നടത്തുവാനോ പാടില്ലാത്തതാകുന്നു.

(2) നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ലൈസൻസിനായുള്ള ഒരു അപേക്ഷ ലഭിക്കുമ്പോൾ ലൈസൻസിംഗ് അതോറിറ്റിക്ക് ലൈസൻസ് അനുവദിക്കുകയോ, അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയ ശേഷം കാരണങ്ങൾ രേഖാമൂലം രേഖപ്പെടുത്തിക്കൊണ്ട് അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതാണ്. അപേക്ഷ നിരസിക്കുന്ന സംഗതിയിൽ നിരസിക്കൽ സംബന്ധിച്ച അറിയിപ്പിന്റെ ഒരു പകർപ്പ് അപേക്ഷകന് ലഭ്യമാക്കേണ്ടതുമാണ്. അപേക്ഷ നിരസിച്ചില്ലായെങ്കിൽ അപേക്ഷ ലഭിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ ലൈസൻസിംഗ് അതോറിറ്റി ലൈസൻസ് നൽകേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം നൽകുന്ന ലൈസൻസ് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും അപ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയവും ആയിരിക്കേണ്ടതാണ്.

(4) ഒന്നോ അതിലധികമോ തീറ്റ ഇനങ്ങൾക്കുവേണ്ടിയും ഒരേ അപേക്ഷകന്റെ ഒരു പ്രദേശത്തെ, അത്തരം ആവശ്യങ്ങൾക്കായുള്ള സ്ഥാപനങ്ങൾക്കും പരിസരങ്ങൾക്കും വേണ്ടിയും ഒരൊറ്റ ലൈസൻസ് നൽകാവുന്നതാണ്.

(5) ലൈസൻസിനായുള്ള അപേക്ഷ നിരസിച്ചതിനെതിരെയുള്ള അപ്പീൽ സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിക്ക് നൽകേണ്ടതാണ്.

(6) നിർമ്മാതാവ്/അംഗീകൃത ഏജന്റ്/ഡീലർ തുടങ്ങിയവർ തീറ്റസുരക്ഷയുടെ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള പൊതുതത്ത്വങ്ങൾ പാലിക്കേണ്ടതാണ്.

(7) തീറ്റയുടെ പരസ്യപ്രചാരണത്തിന്മേലുള്ള നിയന്ത്രണങ്ങളും അൺഫെയർ ട്രേഡ് പ്രാക്ടീസിന്മേലുള്ള നിരോധനവും നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കുന്നതാണ് .

(8) നിർമ്മാതാക്കൾ, അംഗീകൃത ഏജന്റുമാർ, ഡീലർമാർ എന്നിവരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും ബാധ്യതകളും വിപണിയിൽ നിന്നും തീറ്റ തിരിച്ചു വിളിക്കുന്ന നടപടിക്രമങ്ങളും നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കേണ്ടതാണ്.

6. <u>ലൈസൻസ് പുതുക്കൽ</u>.—ഈ ആക്ടിലെ 5-ാം വകുപ്പ് പ്രകാരം നൽകിയിട്ടുള്ള ലൈസൻസ് മൂന്ന് വർഷക്കാലത്തേക്ക് സാധുതയുള്ളതും നിർണ്ണയിക്കപ്പെട്ട ഫീസ് അടച്ച് അപേക്ഷിക്കുന്നതിന്മേൽ പുതുക്കാവുന്നതുമാണ്. ലൈസൻസിംഗ് അതോറിറ്റി ലൈസൻസ് സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്തിട്ടില്ലായെങ്കിൽ, ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിന് തൊണ്ണൂറ് ദിവസങ്ങൾക്ക് മുൻപ്, നിർണ്ണയിക്കപ്പെട്ട രീതിയിൽ പുതുക്കുന്നതിനായുള്ള അപേക്ഷ നൽകിയിട്ടുള്ള പക്ഷം ലൈസൻസ് പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

7. <u>പാക്കിംഗും ലേബലിംഗും</u>.—പച്ചപ്പുല്ലും ഉണക്കപ്പുല്ലും അല്ലാതെയുള്ള ഏതൊരു തീറ്റവസ്തുവും, കന്നുകാലിത്തീറ്റയും കോഴിത്തീറ്റയും ധാതുലവണമിശ്രിതവും, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ പാക്ക് ചെയ്തും ബ്രാൻഡ് ചെയ്തും ലേബൽ ചെയ്തുമല്ലാതെ വിൽക്കുവാൻ പാടില്ലാത്തതാകുന്നു .

8. <u>ഗുണനിലവാര നിയന്ത്രണം</u>.—(1) എല്ലാ തീറ്റവസ്തുക്കളും, കന്നുകാലിത്തീറ്റയും കോഴിത്തീറ്റയും ധാതുലവണമിശ്രിതവും നിർണ്ണയിക്കപ്പെട്ട നിലവാരങ്ങൾക്കും സവിശേഷതകൾക്കും അനുസൃതമായിട്ടുള്ളതായിരിക്കേണ്ടതാണ്.

(2) ഏതൊരു തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ ഉൽപാദകൻ/നിർമ്മാതാവ് അത്തരം തീറ്റയുടെ അല്ലെങ്കിൽ ധാതുലവണമിശ്രിതത്തിന്റെ ബാഗ്/പാക്കിംഗിന്റെ ലേബലിൽ നിർണ്ണയിക്കപ്പെട്ട വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

9. നിലവാരമില്ലാത്തതോ മായം ചേർത്തതോ മിസ്ബ്രാന്റഡ് ആയതോ ആയ തീറ്റയും ധാതുലവണമിശ്രിതവും നിർമ്മിക്കുന്നതിനും മറ്റുമുള്ള നിരോധനം.—യാതൊരാളും ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥയ്ക്കോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ റഗുലേഷനുകൾക്കോ വിരുദ്ധമായി, നിലവാരമില്ലാത്തതോ മായം ചേർത്തതോ മിസ്ബ്രാന്റഡോ ആയ ഏതെങ്കിലും തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ നേരിട്ടോ പരോക്ഷമായോ, തയ്യാറാക്കുവാനോ നിർമ്മിക്കുവാനോ ഉപയോഗത്തിനോ വിൽപനയ്ക്കോ വേണ്ടി സൂക്ഷിക്കുവാനോ സംഭരിക്കുവാനോ വിൽക്കുവാനോ വിൽപനയ്ക്കായി വാഗ്ദാനം ചെയ്യുവാനോ പാടില്ലാത്തതാകുന്നു.

10. വ്യവസ്ഥകൾ നടപ്പിലാക്കൽ.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി സർക്കാർ, താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ടതാണ്, അതായത് :—

(i) ലൈസൻസിംഗ് അതോറിറ്റി.—(എ) സർക്കാർ, തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ നിർമ്മാണത്തിനും വിൽപനയ്ക്കും വേണ്ടിയുള്ള ലൈസൻസിംഗ് അതോറിറ്റി ആയി മൃഗസംരക്ഷണ വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ ക്ഷീരവികസന വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, നിയോഗിക്കേണ്ടതാണ്;

(ബി) ലൈസൻസിംഗ് അതോറിറ്റി, സംസ്ഥാനത്തുടനീളം, നിർണ്ണയിക്കപ്പെട്ട പ്രകാരം, അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

(ii) ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ.—(എ) സർക്കാർ, ഈ ആക്റ്റിലും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതിന്റെയും ചുമതലകൾ നിർവ്വഹിക്കേണ്ടതിന്റെയും ആവശ്യത്തിലേക്കായി, മൃഗസംരക്ഷണ വകുപ്പിലെയോ അല്ലെങ്കിൽ ക്ഷീരവികസന വകുപ്പിലെയോ ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ഓരോ ജില്ലയിലും ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ ആയി ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, നിയോഗിക്കേണ്ടതാണ്;

(ബി) ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർക്ക് അല്ലെങ്കിൽ അയാളുടെ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്, അയാളുടെ അധികാരപരിധിക്കുള്ളിൽ, ഈ ആക്റ്റിൻ കീഴിൽ, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർക്കുള്ള നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള, അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യാവുന്നതാണ്.

(iii) ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ.—(എ) സർക്കാർ, ഈ ആക്റ്റിലും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതിന്റെയും ചുമതലകൾ നിർവ്വഹിക്കേണ്ടതിന്റെയും ആവശ്യത്തിലേക്കായി, മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജന്റെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ അല്ലെങ്കിൽ ക്ഷീരവികസന വകുപ്പിലെ ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ, അയാൾക്ക് ഏൽപിച്ചു നൽകുന്ന തദ്ദേശീയപ്രദേശങ്ങളിൽ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറായി ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, നിയോഗിക്കേണ്ടതാണ്;

(ബി) ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് അല്ലെങ്കിൽ അയാളുടെ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്, അയാളുടെ അധികാര പരിധിക്കുള്ളിൽ, ഈ ആക്റ്റിൻ കീഴിൽ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്കുള്ള നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള, അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യാവുന്നതാണ്;

(സി) ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ പ്രവർത്തനപരമായും ഭരണപരമായും ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്;

(ഡി) ഏതെങ്കിലും ന്യായമായ കാരണത്താൽ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് അയാളുടെ അധികാരങ്ങൾ വിനിയോഗിക്കുവാനോ ചുമതലകൾ നിർവ്വഹിക്കുവാനോ കഴിയാതെവന്നാൽ, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് നൽകപ്പെട്ടിട്ടുള്ള അതേ അധികാരങ്ങൾ നിർവ്വഹിക്കേണ്ടതും ഈ ആക്റ്റിൽ വിനിർദ്ദേശിച്ചിട്ടുള്ള അതേ നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ് .

11. <u>ലൈസൻസിംഗ് അതോറിറ്റിയുടെ അധികാരങ്ങൾ</u>.—(1) നിർണ്ണയിക്കപ്പെട്ട പ്രകാരം ആവശ്യമായ രേഖകളോടും ഫീസോടും കൂടി നിർണ്ണയിക്കപ്പെട്ട ഫാറത്തിലുള്ള ഒരു അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ലൈസൻസിംഗ് അതോറിറ്റിക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ, മൂന്ന് വർഷക്കാലത്തേക്ക് ലൈസൻസ് നൽകാവുന്നതാണ്.

(2) ലൈസൻസ് ലഭിക്കുന്നതിനോ പുതുക്കുന്നതിനോവേണ്ടി ലഭിച്ച അപേക്ഷയുമായി ബന്ധപ്പെട്ട് അപേക്ഷകനോ അല്ലെങ്കിൽ ലൈസൻസിയോ തെറ്റായതോ അല്ലെങ്കിൽ വസ്തുതാപരമായി തെറ്റുള്ളതോ ആയ പ്രസ്താവന നടത്തിയിട്ടുണ്ടെന്നോ അല്ലെങ്കിൽ ഏത് ചട്ടങ്ങൾക്ക് അല്ലെങ്കിൽ വ്യവസ്ഥകൾക്ക് വിധേയമായാണോ ലൈസൻസ് നൽകിയിട്ടുള്ളത്, അവയുടെ ലംഘനം നടത്തിയിട്ടുണ്ടെന്നോ ലൈസൻസിംഗ് അതോറിറ്റിക്ക്, വിശ്വസിക്കാൻ കാരണമുള്ള പക്ഷം, അയാൾക്ക്, ഉചിതമെന്ന് കരുതുന്ന അത്തരം അന്വേഷണം നടത്തിയതിന് ശേഷം, ഉത്തരവിനാൽ, അതത് സംഗതിപോലെ, അപേക്ഷ നിരസിക്കുകയോ ലൈസൻസ് നൽകുകയോ ലൈസൻസ് പുതുക്കുകയോ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലൈസൻസി ലംഘിക്കുകയാണെങ്കിൽ, ഈ ആക്റ്റ് പ്രകാരം നൽകിയിട്ടുള്ള ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനോ പിൻവലിക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരങ്ങൾ ലൈസൻസിംഗ് അതോറിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.

(4) ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലൈസൻസി ലംഘിക്കുകയാണെങ്കിൽ, 19-ാം വകുപ്പ് അനുസരിച്ച് ന്യായനിർണ്ണയം നടത്തുന്നതിനും 20-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ, അതത് സംഗതി പോലെ, (എ) ഖണ്ഡമനുസരിച്ചോ (ബി) ഖണ്ഡമനുസരിച്ചോ പിഴ ചുമത്തുന്നതിനുമുള്ള അധികാരങ്ങൾ ലൈസൻസിംഗ് അതോറിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.

(5) അപേക്ഷകനോ അല്ലെങ്കിൽ ലൈസൻസിക്കോ പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ ലൈസൻസ് സസ്പെൻഡ് ചെയ്തുകൊണ്ടോ പിൻവലിച്ചുകൊണ്ടോ റദ്ദാക്കിക്കൊണ്ടോ ഉള്ള യാതൊരുത്തരവും പുറപ്പെടുവിക്കുവാൻ പാടില്ലാത്തതാകുന്നു.

12. <u>ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറുടെ അധികാരങ്ങൾ</u>.—(1) ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റഗുലേഷനുകളിലേയോ വ്യവസ്ഥകളുടെ ഗുരുതരലംഘനം സംബന്ധിച്ച് ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറിൽ നിന്നും വിവരം ലഭിക്കുമ്പോൾ വസ്തുതാപരമായ തെളിവ് സംരക്ഷിക്കുന്നതിനോ ശേഖരിക്കുന്നതിനോ അല്ലെങ്കിൽ കേസ് ശരിയായ വിധത്തിൽ സംരക്ഷിക്കുന്നതിനോ

വേണ്ടിയുള്ള ആവശ്യത്തിലേയ്ക്കായി എഴുപത്തിരണ്ട് മണിക്കൂറിൽ കൂടാത്ത സമയത്തേക്ക്, തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ തയ്യാറാക്കൽ, നിർമ്മാണം/ഉൽപാദനം, പാക്കിംഗ്, സംഭരണം, വിൽപന എന്നിവയ്ക്കായി ലൈസൻസി ഉപയോഗിക്കുന്ന പരിസരങ്ങൾ അല്ലെങ്കിൽ അതിന്റെ ഭാഗം മുദ്രവയ്ക്കുന്നതിനോ അവ പിടിച്ചെടുക്കുന്നതിനോ, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

(2) ഈ ആക്റ്റിന്റെ 16-ാം വകുപ്പിന്റെ (ബി) ഖണ്ഡത്തിൻ കീഴിൽ, പരിശോധനയ്ക്ക് വേണ്ടി ശേഖരിച്ച കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുടെ സാമ്പിളുകളുടെ സൂക്ഷിപ്പുകാരൻ ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ ആയിരിക്കുന്നതാണ്.

(3) ഈ ആക്റ്റിന്റെ വ്യവസ്ഥകൾ ലംഘിക്കുന്ന കുറ്റങ്ങൾക്കെതിരെ, അതത് സംഗതിപോലെ, ഗുരുതര ലംഘനം, ആവർത്തിച്ചുള്ള ലംഘനം എന്നിങ്ങനെയായി എടുക്കേണ്ട നടപടികൾ തുടങ്ങുന്നതിനുള്ള ശിപാർശ നൽകേണ്ട ഉത്തരവാദിത്വം ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർക്ക് ആയിരിക്കുന്നതാണ്.

(4) ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറുടെ ഭരണപരമായും പ്രവർത്തനപരമായും ഉള്ള റിപ്പോർട്ടിംഗ് അധികാരി ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ ആയിരിക്കുന്നതാണ്.

13. <u>ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറുടെ അധികാരങ്ങൾ</u>.—(1) ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക്, തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുടെ തയ്യാറാക്കൽ, നിർമ്മാണം/ഉൽപാദനം, പാക്കിംഗ്, സംഭരണം, വിൽപന എന്നിവയ്ക്കായി ഉപയോഗിക്കുന്ന ഏതൊരു പരിസരങ്ങളിലും അല്ലെങ്കിൽ തീറ്റ പരിവഹനം ചെയ്യുന്ന വാഹനങ്ങളിലും മുൻകൂർ അറിയിപ്പ് നൽകാതെ,—

(i) സാമ്പിൾ ശേഖരണം; അല്ലെങ്കിൽ

(ii) ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റഗുലേഷനുകളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ടോ എന്ന് പൊതുവായി പരിശോധിക്കുക, തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുടെ പരിശോധന,

എന്നീ ആവശ്യങ്ങൾക്കായി പ്രവേശിക്കാവുന്നതാണ്.

(2) ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റഗുലേഷനുകളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ഗുരുതരമായി ലംഘിക്കപ്പെട്ടിട്ടുണ്ട്

എന്ന് ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് ബോധ്യപ്പെട്ടാൽ ആയത് ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതും, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറിൽ നിന്നും നിർദ്ദേശം സ്വീകരിച്ചതിനുശേഷം, വസ്തുതാപരമായ തെളിവ് സംരക്ഷിക്കുന്നതിനോ അല്ലെങ്കിൽ കേസ് ശരിയായ വിധത്തിൽ സംരക്ഷിക്കുന്നതിനോ വേണ്ടിയുള്ള ആവശ്യത്തിലേക്കായി എഴുപത്തിരണ്ട് മണിക്കൂറിൽ കൂടാത്ത സമയത്തേയ്ക്ക്, പരിസരങ്ങൾ അല്ലെങ്കിൽ അതിന്റെ ഭാഗം മുദ്ര വയ്ക്കുകയോ പിടിച്ചെടുക്കുകയോ ചെയ്യേണ്ടതാണ്.

(3) ഗുണനിലവാരത്തെക്കുറിച്ച് ഒരു പരാതി ലഭിച്ചാൽ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ, പരാതി ലഭിച്ച് മൂന്ന് ദിവസത്തിനകം, നിർണ്ണയിക്കപ്പെട്ട നടപടിക്രമം പാലിച്ചുകൊണ്ട്, തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുടെ അതേ കൂട്ടത്തിൽ നിന്നുള്ള സാമ്പിളുകൾ പരാതിക്കാരനിൽ നിന്നും/കർഷകനിൽ നിന്നും, അംഗീകൃത ഏജന്റിൽ നിന്നും, കൂടാതെ ബന്ധപ്പെട്ട ഫീഡ് മില്ലിൽ നിന്നും എടുക്കേണ്ടതാണ്.

(4) അപ്രകാരമുള്ള ഏതെങ്കിലും തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുടെ പരിശോധനയിൽ അവയ്ക്കുണ്ടായിരിക്കേണ്ടതായ ഗുണനിലവാരമില്ലെന്നോ മായം ചേർന്നതായോ നിലവാരം ഇല്ലാത്തതായോ ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റഗുലേഷനുകളിലേയോ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനം ഉള്ളതായോ കണ്ടെത്തുകയാണെങ്കിൽ, നിർമ്മാതാവിനോ അല്ലെങ്കിൽ വിൽപനക്കാരനോ എതിരെ ഈ ആക്റ്റിലെ 18-ാം വകുപ്പ് പ്രകാരം കണ്ടുകെട്ടലിനോ കയ്യൊഴിയലിനോ ഉള്ള നടപടികൾ കൈക്കൊള്ളേണ്ടതും അത്തരം വ്യവസ്ഥകളുടെ ലംഘനം സംബന്ധിച്ച് ഒരു അന്തിമ റിപ്പോർട്ട് തുടർ നടപടികൾക്കായി മുറപ്രകാരമുള്ള സമുചിത അധികാരിക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(5) ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ കുറഞ്ഞത് ആറ് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ തന്റെ അധികാരപരിധിയിലുള്ള ഉൽപാദന, സംഭരണ, പരിവഹന അല്ലെങ്കിൽ വിൽപന സൗകര്യങ്ങളുടെ പൊതുവായ പരിശോധന നടത്തേണ്ടതാണ്. തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിത നിർമ്മാതാവ് അല്ലെങ്കിൽ വിതരണക്കാരൻ/സ്റ്റോക്കിസ്റ്റ്/ഡീലർ/പരിവഹനം ചെയ്യുന്ന ആൾ എന്നിവരിൽ നിന്നും ഇതിലേക്കായി പരിശോധനക്കൂലി ഈടാക്കാൻ പാടില്ലാത്തതാകുന്നു.

(6) എന്നിരുന്നാലും, അത്തരത്തിൽ പരിശോധിക്കപ്പെട്ട തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ കന്നുകാലിവർഗ്ഗത്തിനും കോഴിവർഗ്ഗത്തിനും ഉടനടിയുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കിയേക്കുമെന്നും

പിടിച്ചെടുക്കൽ ആവശ്യമാണെന്നും ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക്, പരിശോധനയിൽ ബോധ്യമാവുന്നപക്ഷം അത്തരം തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം, നിർണ്ണയിക്കപ്പെട്ട പ്രകാരത്തിൽ, സർക്കാർ അംഗീകൃത ലബോറട്ടറിയിൽ അതിവേഗ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. അത്തരം സാമ്പിൾ ഉടനടിയുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ടെന്ന് തെളിയിക്കപ്പെടുന്നപക്ഷം പരിശോധനകളുടെ ചെലവ് ലൈസൻസി വഹിക്കേണ്ടതാണ്.

(7) ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറുടെ അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ അഭിപ്രായത്തിൽ, പിടിച്ചെടുക്കപ്പെട്ട ഉൽപന്നം പെട്ടെന്നുള്ളതും സ്വാഭാവികവുമായ അഴുകലിന് വിധേയമാകുന്നതായതിനാൽ, നശിപ്പിക്കേണ്ടത് ആവശ്യമാണെങ്കിൽ അത്തരം ഉദ്യോഗസ്ഥർ, അതിനുശേഷം പെട്ടെന്ന് തന്നെ അല്ലെങ്കിൽ ഏത് സാഹചര്യത്തിലും 16-ാം വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിൽ കൂടാതെ, അതത് സംഗതിപോലെ, ലൈസൻസിംഗ് അതോറിറ്റിയുടെയോ കോടതിയുടെയോ മുമ്പാകെ, അത്തരം ഉദ്യോഗസ്ഥനാൽ തന്നെ ഉൽപന്നം വിൽക്കുന്നതിന്/കയ്യൊഴിയുന്നതിനുള്ള അനുമതിക്ക് വേണ്ടി അപേക്ഷ നൽകേണ്ടതും, അത്തരം അനുമതി ലഭിക്കുന്നപക്ഷം, അത്തരം ഉദ്യോഗസ്ഥന് തന്നെ ഉൽപന്നം വിൽക്കാവുന്നതും/കയ്യൊഴിയാവുന്നതും, വിൽപനയിൽ നിന്ന് ലഭിക്കുന്ന വിൽപനവരുമാനം ഏറ്റവും അടുത്തുള്ള ട്രഷറിയിൽ ഒടുക്കേണ്ടതും, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറുടെ അറിയിപ്പിൻകീഴിൽ അത്തരം വിൽപന/കയ്യൊഴിയൽ, ഒടുക്കൽ എന്നിവ സംബന്ധിച്ച്, അതത് സംഗതിപോലെ, ലൈസൻസിംഗ് അതോറിറ്റിക്കോ കോടതിയ്ക്കോ റിപ്പോർട്ട് നൽകേണ്ടതും, ലൈസൻസിംഗ് അതോറിറ്റി/കോടതി കേസ് തീർപ്പാക്കുന്നതിനാവശ്യമായ നടപടി എടുക്കേണ്ടതുമാണ്.

(8) തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുടെ ത്വരിതഗതിയിലുള്ള കയ്യൊഴിയലിനുവേണ്ടി ഉചിതമായ ഉത്തരവുകൾ ലഭിക്കുന്നതിനായി ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ വഴി ലൈസൻസിംഗ് അതോറിറ്റിക്ക് ഉടൻ ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(9) പരിശോധനാലബോറട്ടറിയിൽ നിന്നുള്ള തീറ്റ പരിശോധനറിപ്പോർട്ട് സൂക്ഷ്മപരിശോധന നടത്തിയതിനുശേഷം, 19-ാം വകുപ്പിന്റെയോ 22-ാം വകുപ്പിന്റെയോ കീഴിൽ കൈകാര്യം ചെയ്യേണ്ടതായ, ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ, ലൈസൻസിംഗ് അതോറിറ്റിക്കും ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർക്കും അറിയിപ്പ് നൽകിക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(10) തെരയൽ, പിടിച്ചെടുക്കൽ, അന്വേഷണം, പ്രോസിക്യൂഷൻ നടപടികൾ തുടങ്ങുന്നതിനുള്ള നടപടിക്രമം എന്നിവ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ ആയിരിക്കേണ്ടതാണ്.

14. പരിശോധനാലബോറട്ടറികൾ.—ഈ ആക്റ്റ് പ്രകാരം ശേഖരിച്ച തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ സാമ്പിളുകൾ പരിശോധന നടത്തുന്നതിന്റെ ആവശ്യത്തിലേയ്ക്കായി, കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാർ അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസികളാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ് അംഗീകരിച്ചതും സർക്കാർ അംഗീകരിച്ചിട്ടുള്ളതുമായ ഏതൊരു ലബോറട്ടറിയെയും, സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, പരിശോധനാലബോറട്ടറി ആയി അംഗീകരിക്കാവുന്നതാണ്.

15. സാമ്പിളിംഗിന്റെ നടപടിക്രമങ്ങൾ.—(1) പരിശോധന നടത്തുന്നതിനുള്ള ഉദ്ദേശ്യത്തെക്കുറിച്ച് ബന്ധപ്പെട്ട ആളിന് രേഖാമൂലം അറിയിപ്പ് നൽകിയ ശേഷം ഒരു ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക്, പരിശോധനയുടെ ആവശ്യത്തിലേയ്ക്കായി ഏതു സമയത്തും ഉൽപാദിപ്പിക്കപ്പെട്ടതോ സംഭരിക്കപ്പെട്ടതോ പരിവഹനം ചെയ്തതോ വിറ്റതോ വിൽപ്പനയ്ക്കായി വാഗ്ദത്തം നൽകുകയോ, ഫീഡ് മില്ലിൽ സൂക്ഷിച്ചിരിക്കുന്നതോ കൊണ്ടുപോകുന്നതോ അല്ലെങ്കിൽ അംഗീകൃത ഏജന്റ്/ഡീലർ കൈവശം വച്ചിരിക്കുന്നതോ ആയ തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുടെ സാമ്പിളുകൾ ശേഖരിക്കാവുന്നതാണ്.

(2) പരിശോധനയ്ക്കായി തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ സാമ്പിളുകൾ എടുക്കുമ്പോൾ, രണ്ട് സാക്ഷികളുടെ സാന്നിധ്യത്തിൽ സാമ്പിളുകൾ നാല് ഭാഗങ്ങളായി വിഭജിച്ച് അടയാളപ്പെടുത്തുകയും അടക്കം ചെയ്തിരിക്കുന്നതിന്റെ സഹജഗുണവും സ്വഭാവവും വ്യത്യാസപ്പെടുന്നില്ല എന്ന് ഉറപ്പാക്കുന്നതിലേക്കായി, വായുകടക്കാത്ത കണ്ടയ്നെറിൽ ഉറപ്പിച്ചടയ്ക്കുകയും മുദ്രചെയ്യുകയും, അതിന് മുകളിൽ സാമ്പിൾ സ്വീകരിച്ചതിന്റെ തീയതിയും സമയവും സൂചിപ്പിച്ചുകൊണ്ടും, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറുടെയും ആരിൽ നിന്നാണോ സാമ്പിൾ എടുത്തിട്ടുള്ളത് അയാളുടെയും ഒപ്പ്/വിരലടയാളം അല്ലെങ്കിൽ രണ്ടും കൂടിയോ പതിപ്പിക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുടെ സാമ്പിളുകൾ ആവശ്യമുള്ള അളവിലും പാക്കിംഗിലും ശേഖരിക്കുന്നതിൽ നിന്ന് യാതൊരാളും, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറെ തടസ്സപ്പെടുത്തുവാൻ പാടില്ലാത്തതാകുന്നു. എന്നാൽ ആരിൽ നിന്നാണോ സാമ്പിൾ എടുത്തിട്ടുള്ളത് അയാൾ ഒപ്പിടാനോ വിരലടയാളം പതിക്കാനോ വിസമ്മതിക്കുകയാണെങ്കിൽ, അയാളുടെ ഒപ്പിനോ അല്ലെങ്കിൽ വിരലടയാളത്തിനോ പകരമായി ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ രണ്ട് സാക്ഷികളെ വിളിക്കേണ്ടതും അവരുടെ ഒപ്പ് അല്ലെങ്കിൽ വിരലടയാളം എടുക്കേണ്ടതുമാണ്.

(4) ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്കോ അല്ലെങ്കിൽ സർക്കാർ പൊതുവായോ പ്രത്യേകമായോ അധികാരപ്പെടുത്തിയിട്ടുള്ള മറ്റ് ഉദ്യോഗസ്ഥനോ അയാൾക്ക് യുക്തമെന്ന് തോന്നുന്നപക്ഷം ഉചിതമായ ഏത് സമയത്തും ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റെഗുലേഷനുകളിലേയോ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരം നൽകിയിട്ടുള്ള ലൈസൻസിലെ ഉപാധികൾ ലംഘിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായും തീറ്റ വസ്തുവോ കന്നുകാലിത്തീറ്റയോ കോഴിത്തീറ്റയോ ധാതുലവണമിശ്രിതമോ ഉൽപാദിപ്പിക്കുന്നതോ സംഭരിക്കുന്നതോ വിൽപന നടത്തുന്നതോ ആയ ഏതൊരു സ്ഥാപനത്തിലും പരിവഹനം ചെയ്യുന്നതായ ഏതൊരു വാഹനത്തിലും പ്രവേശിക്കാവുന്നതാണ്. ഏതെങ്കിലും ആൾ (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് അത്തരം ആളിന് രേഖാമൂലം നോട്ടീസ് നൽകിയശേഷം തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവ പിടിച്ചെടുക്കാവുന്നതാണ്. നോട്ടീസിൽ കണ്ടുകെട്ടുന്നതിന്റെ കാരണം, കണ്ടുകെട്ടുന്ന തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ സ്വഭാവവും അളവും, പിടിച്ചെടുത്ത തീയതി, സമയം, സ്ഥലം എന്നിവയും കാണിച്ചിരിക്കേണ്ടതാണ്. നോട്ടീസിൽ തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ കൂടാതെ ധാതുലവണമിശ്രിതം എന്നിവയുടെ പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും നോട്ടീസിന്റെ മൂന്ന് പകർപ്പുകൾ തയ്യാറാക്കേണ്ടതുമാണ്. ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറും ആരുടെ കൈവശത്തിൽ നിന്നും അല്ലെങ്കിൽ നിയന്ത്രണത്തിൽ നിന്നുമാണോ തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവ കണ്ടുകെട്ടിയത്, അയാളും നോട്ടീസിൽ കയ്യൊപ്പ് വയ്ക്കേണ്ടതും അല്ലെങ്കിൽ വിരലടയാളം പതിക്കേണ്ടതും, നോട്ടീസിന്റെ ഒരു പകർപ്പ് ഇത്തരം ആളിന് നൽകേണ്ടതുമാണ്. അത്തരം ആളുകൾ തന്റെ കയ്യൊപ്പ് വയ്ക്കുന്നതിനോ വിരലടയാളം പതിക്കുന്നതിനോ വിസമ്മതിക്കുകയാണെങ്കിൽ ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ അതിന് പകരമായി രണ്ട് സാക്ഷികളെ വിളിച്ച് അവരുടെ കയ്യൊപ്പ് വയ്പ്പിക്കുകയോ വിരലടയാളം പതിപ്പിക്കുകയോ ചെയ്യേണ്ടതാണ്.

(5) ഒരു അംഗീകൃത ഏജന്റ്/ഡീലർ അല്ലെങ്കിൽ പരിവഹനം ചെയ്യുന്നയാൾ എന്നിവരുടെ കൈവശമുള്ള സ്റ്റോക്കിൽ നിന്ന് (1)-ാം ഉപവകുപ്പിൻ കീഴിൽ ആവശ്യമായ സാമ്പിൾ എടുക്കുമ്പോൾ, അംഗീകൃത ഏജന്റ്/ഡീലർ/പരിവഹനം ചെയ്യുന്നയാൾ ആർക്ക് വേണ്ടിയാണോ അത്തരം സ്റ്റോക്ക് കൈവശം വയ്ക്കുന്നത് അയാളുടെ പേരും മറ്റ് വിശദാംശങ്ങളും ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ ആവശ്യപ്പെടുന്ന പ്രകാരം നൽകാൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

(6) സ്വന്തം കന്നുകാലികൾക്കോ കോഴിവർഗ്ഗത്തിനോ വേണ്ടി ഫീഡ് മില്ലിൽ നിന്നോ/അംഗീകൃത ഏജന്റിൽ നിന്നോ/ഡീലറിൽ നിന്നോ തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവ വാങ്ങിയ ഏതൊരാൾക്കും, ഉൽപന്നം വാങ്ങിയതിന്റെ വൗച്ചർ അല്ലെങ്കിൽ ക്യാഷ് മെമ്മോ കൈവശമുണ്ടെങ്കിൽ, അയാളുടെ തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുടെ സാമ്പിളുകൾ അംഗീകൃത ലബോറട്ടറിയിൽ നിന്നും പരിശോധിച്ച് കിട്ടുന്നതിനായി നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ, ബന്ധപ്പെട്ട ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് അപേക്ഷ നൽകാവുന്നതാണ്. സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള ചെലവ്, സർക്കാർ, വിവിധ പരിശോധനകൾക്ക് അംഗീകരിച്ചിട്ടുള്ള നിരക്കിന് അനുസൃതമായി, അപേക്ഷ നൽകുന്ന ആൾ ഒടുക്കേണ്ടതാണ്.

16. <u>സാമ്പിളിന്റെ പരിശോധന</u>.—ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ:

(എ) ആരുടെ പക്കൽ നിന്നാണോ സാമ്പിൾ എടുത്തത്, ആ ആളിന് തീറ്റയുടെ മുദ്രവയ്ക്കപ്പെട്ട ഒരു സാമ്പിൾ കൈമാറേണ്ടതാണ്;

(ബി) സുരക്ഷിതമായി സൂക്ഷിക്കുന്നതിലേയ്ക്കായി മുദ്രവയ്ക്കപ്പെട്ട രണ്ട് തീറ്റ സാമ്പിളുകൾ ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർക്ക് കൈമാറേണ്ടതാണ്; കൂടാതെ

(സി) തീറ്റയുടെ മുദ്രവയ്ക്കപ്പെട്ട രണ്ട് സാമ്പിളുകൾ സാമ്പിൾ ശേഖരിച്ച തീയതി മുതൽ മൂന്ന് ദിവസത്തിനുള്ളിൽ, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർക്ക് അറിയിപ്പ് നൽകിക്കൊണ്ട്, അംഗീകൃത ഫീഡ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധനയ്ക്കായി നൽകേണ്ടതാണ്.

17. <u>പരിശോധനാറിപ്പോർട്ട്</u>.—(1) ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറിൽ നിന്നും തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുടെ ഏതെങ്കിലും സാമ്പിൾ ലഭിക്കുമ്പോൾ, അംഗീകൃത ഫീഡ് ടെസ്റ്റിംഗ് ലബോറട്ടറി ഇത് പരിശോധന നടത്തുകയും നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ അത്തരം പരിശോധനയുടെ ഫലം കാണിക്കുന്ന ഒരു റിപ്പോർട്ട് ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് ഇരുപത്തിയൊന്ന് ദിവസങ്ങൾക്കുള്ളിൽ കൈമാറുകയോ അയയ്ക്കുകയോ ചെയ്യേണ്ടതുമാണ്.

(2) ആരിൽ നിന്നാണോ അപ്രകാരം പരിശോധിക്കപ്പെട്ട സാമ്പിൾ ശേഖരിച്ചത് ആ ആളിനും അല്ലെങ്കിൽ 15-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ് പ്രകാരം ആർക്കാണോ തീറ്റവസ്തു പരിശോധിക്കപ്പെട്ട് കിട്ടിയത് ആ ആളിനും അത്തരം റിപ്പോർട്ടിന്റെ ഒരു പകർപ്പ്, ഫീസ് ഒടുക്കി അപേക്ഷ നൽകുന്നതിന്മേൽ, അംഗീകൃത ഫീഡ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

(3) യാതൊരാളും റിപ്പോർട്ടിന്റെ പകർപ്പ് യാതൊരു സ്ഥലത്തും പ്രദർശിപ്പിക്കുവാനോ പരസ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുവാനോ പാടില്ലാത്തതാകുന്നു.

18. ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറാലുള്ള കണ്ടുകെട്ടലും കയ്യൊഴിയലും.— തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ ലൈസൻസില്ലാത്തതോ മായം ചേർത്തതോ ഗുണനിലവാരമില്ലാത്തതോ മിസ്ബ്രാന്റഡോ ആയ നിർമ്മാണമോ സംഭരണമോ വിതരണമോ വിൽപനയോ വിപണനമോ ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ കണ്ടുപിടിച്ചാൽ ഉടൻതന്നെ അത്തരം തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ പിടിച്ചെടുക്കുകയും ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറെ അറിയിച്ചശേഷം നിർണ്ണയിക്കപ്പെട്ട രീതിയിൽ കയ്യൊഴിയുകയും ആയതിന് ചെലവാകുന്ന തുക, അതത് സംഗതിപോലെ, ആരിൽ നിന്നാണോ അത്തരം പിടിച്ചെടുക്കൽ നടത്തിയത്, അയാളിൽ നിന്നോ അല്ലെങ്കിൽ ലൈസൻസിയിൽ നിന്നോ ഈടാക്കേണ്ടതുമാണ്.

19. ലൈസൻസിംഗ് അതോറിറ്റിയാലുള്ള ന്യായനിർണ്ണയം.—(1) ഏതെങ്കിലും ആൾ ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റഗുലേഷനുകളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ, ആ സംഗതിയിൽ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിക്കൊണ്ട് ലൈസൻസിംഗ് അതോറിറ്റി അന്വേഷണം നടത്തേണ്ടതും, അത്തരം അന്വേഷണത്തിൽ അയാൾ ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റഗുലേഷനുകളിലേയോ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ട് എന്ന് ബോധ്യമാകുന്നപക്ഷം, ലൈസൻസിംഗ് അതോറിറ്റി അയാൾക്ക് യുക്തമെന്ന് തോന്നുന്നതും, 20-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുമായ അത്തരം പിഴശിക്ഷ, ഉത്തരവ്മൂലം, ചുമത്തേണ്ടതുമാണ്.

(2) ഒരു ലംഘനം സംബന്ധിച്ച് (1)-ാം ഉപവകുപ്പനുസരിച്ച് ലൈസൻസിംഗ് അതോറിറ്റി ന്യായനിർണ്ണയം നടത്തുമ്പോൾ അയാൾക്ക് 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ)ഏതൊരാളെയും വിളിച്ച് വരുത്തുന്നതിനും സത്യപ്രതിജ്ഞയിന്മേൽ അയാളെ വിസ്തരിക്കുന്നതിനും;

(ബി)ഏതെങ്കിലും രേഖകളുടെ കണ്ടെത്തലും ഹാജരാക്കലും ആവശ്യപ്പെടുന്നതിനും, കൂടാതെ

(സി)സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും.

20. ശിക്ഷ.—(1) ഈ ആക്റ്റിലെ 19-ാം വകുപ്പിൻകീഴിലുള്ള ഒരു അന്വേഷണത്തിൽ, ഒരാൾ ഈ ആക്റ്റിലേയോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റഗുലേഷനുകളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതായി ലൈസൻസിംഗ് അതോറിറ്റി കണ്ടെത്തിയാൽ,—

(എ) ആദ്യത്തെ ലംഘനമാണെങ്കിൽ, അറുപത് ദിവസത്തിൽ കുറയാത്തതും ആറ് മാസം വരെയാകാവുന്നതുമായ കാലയളവ്‌വരെ അയാളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തുകൊണ്ടും അല്ലെങ്കിൽ അൻപതിനായിരം രൂപ വരെയാകാവുന്നതും എന്നാൽ ഇരുപത്തിഅയ്യായിരം രൂപയിൽ കുറയാത്തതുമായ പിഴയ്ക്കും അല്ലെങ്കിൽ രണ്ടിനും കൂടിയും, കൂടാതെ

(ബി) രണ്ടാമത്തെ ലംഘനമാണെങ്കിൽ, ആറ് മാസത്തിൽ കുറയാത്തതും ഒരു വർഷം വരെയാകാവുന്നതുമായ കാലയളവ് വരെ അയാളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തുകൊണ്ടും അല്ലെങ്കിൽ രണ്ട്‌ലക്ഷം രൂപ വരെയാകാവുന്നതും എന്നാൽ അൻപതിനായിരം രൂപയിൽ കുറയാത്തതുമായ പിഴയ്ക്കും അല്ലെങ്കിൽ രണ്ടിനും കൂടിയും, അയാൾ ശിക്ഷിക്കപ്പെടുന്നതാണ്.

(2) ലൈസൻസിംഗ് അതോറിറ്റിക്ക്, വേഗത്തിലും സ്വാഭാവികവുമായ അഴുകലിന് വിധേയമാകുന്ന, പിടിച്ചെടുക്കപ്പെട്ട ഏതൊരു തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം വിൽക്കുന്നതിനോ/ കയ്യൊഴിയുന്നതിനോ നിർദ്ദേശം നൽകാവുന്നതാണ്.

21. <u>അപ്പീൽ.</u>—(1) 20-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (എ), (ബി) ഖണ്ഡങ്ങൾക്ക് കീഴിൽ ശിക്ഷ ചുമത്തപ്പെട്ടതിൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ച് മുപ്പത് ദിവസങ്ങൾക്കുള്ളിൽ, സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിക്കപ്പെടുന്ന ഒരു അപ്പീൽ, ബന്ധപ്പെട്ട കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയതിന് ശേഷം, അപ്പീൽ ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ് .

22.<u>കോടതിയാൽ വിചാരണ ചെയ്യേണ്ട കുറ്റങ്ങൾ.</u>—(1) കന്നുകാലിവർഗ്ഗത്തിലോ കോഴിവർഗ്ഗത്തിലോ ഉൾപ്പെട്ടവയുടെ മരണത്തിലേക്ക് നയിക്കപ്പെട്ടു എന്ന് സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി മേലൊപ്പ് വച്ചിട്ടുള്ളതും രണ്ട് അംഗീകൃതപരിശോധനാ ലബോറട്ടറികളിൽ നിന്നുള്ള പരിശോധനാറിപ്പോർട്ട് വഴി തെളിയിക്കപ്പെട്ടിട്ടുള്ളതുമായ, ലൈസൻസിന്റെ ഗുരുതരരീതിയിലുള്ള ലംഘനങ്ങൾ, അല്ലെങ്കിൽ മൂന്നാമത്തേതോ അല്ലെങ്കിൽ അതിനുശേഷം തുടരുന്നതോ ആയ ലംഘനങ്ങൾ എന്നിവയ്ക്ക് ആറ് മാസത്തിൽ കുറയാത്തതും ഒരു വർഷം വരെയാകാവുന്നതുമായ തടവും അഞ്ച് ലക്ഷം രൂപ വരെയാകാവുന്ന പിഴയും നൽകി കോടതിയാൽ ശിക്ഷിക്കപ്പെടുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഒരു കുറ്റം ചെയ്തതായി കോടതിക്ക് ബോധ്യപ്പെട്ടാൽ ആ കുറ്റം വിചാരണ ചെയ്യുന്ന കോടതിക്ക്, അപ്രകാരമുള്ള കൃത്യത്തിൽ ഉൾപ്പെട്ട തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിന് നിർദ്ദേശിക്കാവുന്നതും അതിനനുസൃതമായി തീർപ്പാക്കേണ്ടതുമാണ്.

(3) കോടതിക്ക്, വേഗത്തിലും സ്വാഭാവികവുമായ അഴുകലിന് വിധേയമാകുന്ന പിടിച്ചെടുക്കപ്പെട്ട ഏതൊരു തീറ്റവസ്തുവോ കന്നുകാലിത്തീറ്റയോ കോഴിത്തീറ്റയോ അല്ലെങ്കിൽ ധാതുലവണമിശ്രിതമോ പെട്ടെന്നുതന്നെ വിൽക്കുന്നതിനോ കയ്യൊഴിയുന്നതിനോ നിർദ്ദേശം നൽകാവുന്നതാണ്.

23. <u>കുറ്റത്തിന്മേൽ നടപടിയെടുക്കൽ.</u>—(1) യാതൊരു കോടതിയും ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ നൽകിയ രേഖാമൂലമുള്ള പരാതിയിന്മേലല്ലാതെ ഈ ആക്റ്റിൻ കീഴിൽ ശിക്ഷാർഹമായ കുറ്റത്തിന്മേൽ നടപടിയെടുക്കുവാൻ പാടുള്ളതല്ല.

(2) ഈ ആക്റ്റിൻകീഴിൽ ശിക്ഷാർഹമായ ഒരു കുറ്റം ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുൻപാകെ വിചാരണ നടത്തേണ്ടതാണ്.

24. <u>കമ്പനികൾ, ഇൻസ്റ്റിറ്റ്യൂഷനുകൾ, സ്ഥാപനങ്ങൾ എന്നിവ ചെയ്യുന്ന കുറ്റങ്ങൾ.</u>—(1) ഒരു കമ്പനി അല്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂഷൻ അല്ലെങ്കിൽ സ്ഥാപനം ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ചെയ്യുമ്പോൾ, ആ കുറ്റകൃത്യം ചെയ്യുന്ന സമയത്ത് ആ

കമ്പനിയുടെ/ഇൻസ്റ്റിറ്റ്യൂഷന്റെ/സ്ഥാപനത്തിന്റെ ബിസിനസിന്റെ ചാർജ്ജിലും ഉത്തരവാദിത്വത്തിലും ഉണ്ടായിരുന്ന ഓരോ ആളും ആ കുറ്റം ചെയ്തതായി കരുതാവുന്നതും അപ്രകാരം നടപടി എടുത്ത് ശിക്ഷിക്കപ്പെടുന്നതിന് ബാധ്യസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ ഈ ഉപവകുപ്പിലുള്ള യാതൊന്നും തന്നെ കുറ്റം നടന്നിട്ടുള്ളത് തന്റെ അറിവ് കൂടാതെയാണെന്നും അത്തരം കുറ്റകൃത്യം തടയുന്നതിനാവശ്യമായ എല്ലാ ജാഗ്രതയും താൻ പാലിച്ചിരുന്നു എന്നും തെളിയിക്കുന്നപക്ഷം ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷയ്ക്ക് അയാൾ ബാധ്യസ്ഥനായിത്തീരുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു കമ്പനി അല്ലെങ്കിൽ സ്ഥാപനം അല്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂഷൻ ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റകൃത്യം ചെയ്യുമ്പോൾ ഈ ആക്റ്റിൻകീഴിലുള്ള ആ കുറ്റകൃത്യം കമ്പനിയുടെ/ സ്ഥാപനത്തിന്റെ/ ഇൻസ്റ്റിറ്റ്യൂഷന്റെ ഏതെങ്കിലും ഡയറക്ടർ, മാനേജർ, സെക്രട്ടറി അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ അല്ലെങ്കിൽ അവരുടെ ഭാഗത്ത് നിന്നുള്ള എന്തെങ്കിലും അശ്രദ്ധയോ കാരണം ഉണ്ടായിട്ടുള്ളതാണെന്ന് തെളിയിക്കപ്പെട്ടാൽ, അത്തരം ഡയറക്ടർ, മാനേജർ, സെക്രട്ടറി, അല്ലെങ്കിൽ മറ്റുദ്യോഗസ്ഥർ അത്തരം കുറ്റം ചെയ്തതായി കരുതാവുന്നതും, അയാൾക്ക്/അവർക്ക് എതിരായി നടപടികൾ എടുക്കേണ്ടതും തദനുസൃതം ശിക്ഷിക്കപ്പെടേണ്ടതുമാണ് .

വിശദീകരണം :—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി ,—

(എ) "കമ്പനി/സ്ഥാപനം/ഇൻസ്റ്റിറ്റ്യൂഷൻ" എന്നാൽ ഒരു ഫേം, സൊസൈറ്റി അല്ലെങ്കിൽ ആളുകളുടെ മറ്റ് അസ്സോസിയേഷനുകൾ എന്നിവ ഉൾപ്പെടെയുള്ള നികായങ്ങൾ എന്നർത്ഥമാകുന്നതും, കൂടാതെ

(ബി ) "ഡയറക്ടർ " എന്നാൽ,

(i) ഫേമിനെ സംബന്ധിച്ചിടത്തോളം ആ ഫേമിലെ ഒരു പങ്കാളി;

(ii) ഒരു സൊസൈറ്റി അല്ലെങ്കിൽ ആളുകളുടെ മറ്റ് അസ്സോസിയേഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട്, അതത് സംഗതിപോലെ, സൊസൈറ്റിയുടെ അല്ലെങ്കിൽ മറ്റ് അസ്സോസിയേഷനുകളുടെ ചട്ടങ്ങളിൻകീഴിൽ ആ സൊസൈറ്റിയുടെ അല്ലെങ്കിൽ അസ്സോസിയേഷന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേക്കായി ഏർപ്പെടുത്തിയിട്ടുള്ള ഒരു ആൾ എന്ന് അർത്ഥമാകുന്നതുമാകുന്നു .

25. <u>കുറ്റകൃത്യത്തിന് സഹായിക്കൽ</u>.—ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും കുറ്റകൃത്യത്തിന് സഹായിക്കുന്ന ഏതൊരാളും അപ്രകാരം സഹായിക്കപ്പെട്ട കൃത്യം ആ

സഹായത്തിന്റെ ഫലമായി ചെയ്യപ്പെട്ടാൽ ഒരു വർഷം വരെയാകാവുന്ന തടവിനോ അഞ്ച് ലക്ഷം രൂപ വരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടേണ്ടതാണ് .

26. <u>സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി</u>.—(1)സർക്കാർ, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി എന്ന പേരിൽ ഒരു കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ് .

(2) തീറ്റവ്യവസായം, കർഷകർ, ഉപഭോക്താക്കൾ, അനുബന്ധഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ താൽപര്യത്തെ പ്രതിനിധീകരിക്കുന്നതിനായി, സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നതാണ്, അതായത്:—

(i) മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് സെക്രട്ടറി- ചെയർപേഴ്സൺ;

(ii) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്;

(iii) ഡയറക്ടർ, ക്ഷീരവികസന വകുപ്പ്;

(iv) ആനിമൽ ന്യൂട്രീഷൻ വകുപ്പ് മേധാവി, കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല;

(v) ഡയറക്ടർ, സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി , കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല;

(vi) ദേശീയ ക്ഷീരവികസന ബോർഡിന്റെ പ്രതിനിധി; കൂടാതെ

(vii) തീറ്റവ്യവസായത്തിൽ നിന്നുള്ള മൂന്ന് പ്രതിനിധികൾ (പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ മേഖല, സ്വകാര്യ മേഖല എന്നിവകളിൽ നിന്നും ഒരാൾ വീതം).

(3) സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിലെ അംഗങ്ങൾക്ക് അർഹമായ ബത്തകളും സിറ്റിംഗ് ഫീസും നിർണ്ണയിക്കപ്പെടുന്ന പ്രകാരത്തിലായിരിക്കുന്നതാണ്.

27. <u>സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ</u>.—സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ഈ ആക്ടുമായും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുമായും റെഗുലേഷനുകളുമായും ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാരിന് വിദഗ്ദ്ധാഭിപ്രായം നൽകുക;

(ബി) തീറ്റ വ്യവസായമേഖലയിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന പുരോഗതിക്കനുസൃതമായി തീറ്റഗുണനിലവാര മാനദണ്ഡങ്ങൾ പരിഷ്കരിക്കുവാൻ സർക്കാരിന് നിർദ്ദേശങ്ങൾ നൽകുക ;

(സി) കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ നിർമ്മാണത്തിനായി, അതത് സംഗതിപോലെ, ഉപയോഗിക്കാവുന്നതോ ഉപയോഗിക്കുവാൻ പാടില്ലാത്തതോ ആയ ചേരുവകളുടെ വിജ്ഞാപനപട്ടികയിൽ കൂടുതൽ തീറ്റവസ്തുക്കൾ ചേർക്കുന്നതിനുള്ള ശിപാർശകൾ നൽകുക; കൂടാതെ

(ഡി) ചട്ടങ്ങളിലും റഗുലേഷനുകളിലും കാലാകാലങ്ങളിൽ വേണ്ടിവരുന്ന തിരുത്തലുകൾ സംബന്ധിച്ച് സർക്കാരിന് ശിപാർശകൾ നൽകുക.

28. <u>രേഖകൾ സൂക്ഷിക്കൽ.</u>—തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ നിർമ്മാണത്തിനോ വിൽപനയ്ക്കോ ഉള്ള ലൈസൻസ് കൈവശമുള്ളയാൾ, അയാൾ സംഭരിച്ച അസംസ്കൃതവസ്തുക്കൾ, ഉൽപാദിപ്പിക്കുകയും വിൽപനയ്ക്കായി തയ്യാറാക്കുകയും ചെയ്ത വസ്തുക്കൾ, വാങ്ങുകയും വിൽക്കുകയും ചെയ്ത തീറ്റയുടെ അളവ്, ഗുണനിലവാരം എന്നിവ ഉൾപ്പെടെ അയാളുടെ ബിസിനസ്സുമായി ബന്ധപ്പെട്ട അത്തരം രേഖകൾ നിർണ്ണയിക്കപ്പെട്ട രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

29. <u>റിട്ടേണുകൾ സമർപ്പിക്കൽ.</u>—തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ നിർമ്മിക്കുന്നതിനോ വിൽക്കുന്നതിനോ ഉള്ള ലൈസൻസ് കൈവശമുള്ള ഓരോ ലൈസൻസിയും അയാൾ ഉൽപാദിപ്പിച്ചതും മിശ്രണം ചെയ്തതും തയ്യാറാക്കിയതും വിറ്റതുമായ ഓരോ ഇനം തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങളടങ്ങിയ, നിർദ്ദിഷ്ട മാതൃകയിലുള്ള വാർഷിക റിട്ടേണിന്റെ രണ്ട് പതിപ്പുകൾ ലൈസൻസിംഗ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

30. <u>ലൈസൻസിംഗ് അതോറിറ്റിയുടെ വാർഷിക റിപ്പോർട്ട്.</u>—(1) ലൈസൻസിംഗ് അതോറിറ്റി ഓരോ വർഷവും നിർണ്ണയിക്കപ്പെടുന്ന അത്തരം ഫാറത്തിലും അത്തരം സമയത്തും മുൻവർഷത്തിൽ ചെയ്ത പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആ റിപ്പോർട്ടിന്റെ പകർപ്പുകൾ സർക്കാരിലേക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ അതിന്റെ ഒരു പകർപ്പ് എത്രയും വേഗം കേരള നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

31. ഉത്തമ വിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം.—ലൈസൻസിംഗ് അതോറിറ്റി, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ എന്നിവർ ഈ ആക്റ്റിൻ കീഴിൽ ഉത്തമവിശ്വാസത്തിൽ എടുത്ത ഏതൊരു നടപടിയ്ക്കും പ്രവൃത്തിക്കും എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല .

32. ആക്റ്റിന് അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, അവയ്ക്ക് വിരുദ്ധമായി തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

33. അധികാരങ്ങൾ ഏൽപ്പിച്ച് കൊടുക്കൽ.—സർക്കാരിന്, ഈ ആക്റ്റിൻകീഴിലുള്ള എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ അത് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് ഏൽപ്പിച്ച് കൊടുക്കാവുന്നതാണ്.

34. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനു ശേഷം, അതത് സംഗതി പോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്.

35. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം</u>.—(1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, അത്തരം വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും, അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതൊരു കാര്യവും, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് മുഖേന ചെയ്യാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്ടിന്റെ പ്രാരംഭ തീയതി മുതലുള്ള രണ്ട് വർഷക്കാലാവധി അവസാനിച്ചതിനുശേഷം ഉണ്ടാക്കുവാൻ പാടില്ലാത്തതാണ്.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച എല്ലാ ഉത്തരവും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം, കേരള നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

36. <u>റഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ടിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു റഗുലേഷനും, അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽപ്പെടുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, നിയമസഭ ആ റഗുലേഷനിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ റഗുലേഷൻ ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ റഗുലേഷന് അതിനു ശേഷം, അതത് സംഗതി പോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ റഗുലേഷൻ പ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

37. <u>സാധൂകരണം</u>.—2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ഓർഡിനൻസ് (2022-ലെ 10) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യമില്ലാതായിതീർന്നിരുന്നാൽതന്നെയും ,-

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസിന് പ്രാബല്യമില്ലാതായിതീർന്നതിനുശേഷവും ഈ ആക്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതിക്ക് മുൻപും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അവ പ്രസ്തുത ഓർഡിനൻസിന് പ്രാബല്യം ഇല്ലാതായിതീർന്നില്ലായിരുന്നുവെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്ന എന്നതുപോലെ, ഈ ആക്ട് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്ത് കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ ഉൽപാദനം, സംഭരണം, വിതരണം, വിപണനം എന്നിവ നിയന്ത്രിക്കേണ്ടതും, ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതും അനിവാര്യമാണ്. കേരള സംസ്ഥാനത്ത് പൊതുമേഖലയിലും സഹകരണമേഖലയിലുമായി കന്നുകാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്ന സ്ഥാപനങ്ങളാണ് മിൽമയും, കേരള ഫീഡ്സും. കേരളത്തിലെ കർഷകരുടെ കന്നുകാലിത്തീറ്റ ആവശ്യകതയുടെ അമ്പത് ശതമാനത്തിൽ താഴെ മാത്രമേ ഈ രണ്ടു സ്ഥാപനങ്ങൾക്കുമായി നിറവേറ്റാൻ സാധിക്കുന്നുള്ളൂ. കൂടാതെ കന്നുകാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഉൽപാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ എല്ലാം തന്നെ കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിൽ നിന്നുമാണ് കൊണ്ടുവരുന്നത്. അസംസ്കൃത വസ്തുക്കൾ ഓരോന്നിന്റേയും ഗുണനിലവാരം ഉൽപാദനപ്രക്രിയയ്ക്ക് മുമ്പായി ഉറപ്പുവരുത്തേണ്ടതുണ്ട്. മിൽമ, കേരളഫീഡ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള കന്നുകാലിത്തീറ്റകളും കോഴിത്തീറ്റകളും കൂടാതെ സ്വകാര്യ മേഖലകളിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള കന്നുകാലിത്തീറ്റകളും കോഴിത്തീറ്റകളും കേരളത്തിൽ ലഭ്യമാണ്. ഇതിനുപുറമേ ബദൽതീറ്റകൾ (ചോളപ്പൊടി, വിവിധതരം പിണ്ണാക്കുകൾ, ഗോതമ്പ്, തവിട് തുടങ്ങിയവ), ഫീഡ് സപ്ലിമെന്റ്സ് എന്നീ വിഭാഗങ്ങളിലുള്ള തീറ്റകളും വിപണിയിൽ സുലഭമാണ്. മിക്ക ബദൽ തീറ്റകളിലേയും മായം ചേർക്കൽ കണ്ടെത്തുന്നത് പ്രയാസകരമാണ്. ആയതിനാൽ ഇവയുടെ ഗുണനിലവാരം ഉറപ്പാക്കാൻ നിയമനിർമ്മാണം ആവശ്യമാണ്. കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്നതോ വിൽപന നടത്തുന്നതോ ആയ കന്നുകാലിത്തീറ്റകൾക്കും കോഴിത്തീറ്റകൾക്കും അനുബന്ധ തീറ്റകൾക്കും ഇപ്പോൾ യാതൊരു വിധത്തിലുമുള്ള നിയന്ത്രണങ്ങളില്ലാത്തതിനാൽ ഇത് സംബന്ധിച്ച് നിയന്ത്രണങ്ങൾക്കായി നിയമം കൊണ്ടുവരേണ്ടത് ആവശ്യമായി വന്നിരിക്കുന്നു.

2. ബഹുമാനപ്പെട്ട കേരള ഗവർണർ 2021 ജനുവരി 8-ാം തീയതി കേരള നിയമസഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ, നിലവാരം കുറഞ്ഞ തീറ്റയും മറ്റ് തീറ്റവസ്തുക്കളും സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിനെതിരെ കർഷകരുടെയും

ഉൽപാദകരുടെയും താൽപര്യാർത്ഥം, അവരുടെ താൽപര്യം സംരക്ഷിക്കുന്നവിധത്തിൽ, ഉചിതമായ നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയുള്ളതിനാൽ, ആയതിലേയ്ക്കായി, "കേരള സംസ്ഥാന കാലിത്തീറ്റയും കോഴിത്തീറ്റയും ധാതുലവണമിശ്രിതവും (ഉല്പാദനവും വില്പനയും നിയന്ത്രിക്കൽ) ആക്റ്റ്" എന്ന ഒരു പുതിയ കാലിത്തീറ്റ നിയമം നിർമ്മിക്കുന്നതിനുള്ള സർക്കാരിന്റെ ഉദ്ദേശ്യത്തെ സൂചിപ്പിക്കുകയുണ്ടായി.

3. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ സംസ്ഥാനത്ത് കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം തുടങ്ങിയവയുടെ ഉൽപാദനം, സംഭരണം, വിതരണം, വിപണനം എന്നിവ നിയന്ത്രിക്കുന്നതിനായി ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ കേരള സർക്കാർ തീരുമാനിച്ചു.

4. കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2021-ലെ കേരള ലൈവ്സ്റ്റോക്ക് ആൻഡ് പൗൾട്രി ഫീഡ് ആൻഡ് മിനറൽ മിക്സ്ചർ (റഗുലേഷൻ ഓഫ് മാനുഫാക്ചർ ആൻഡ് സെയിൽ) ഓർഡിനൻസ് 2021 ഫെബ്രുവരി 17-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും, ആയത് 2021 ഫെബ്രുവരി 18-ാം തീയതിയിലെ 823-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 35-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിനുള്ള ഒരു ബിൽ 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞിരുന്നില്ല.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള ലൈവ്സ്റ്റോക്ക് ആൻഡ് പൗൾട്രി ഫീഡ് ആൻഡ് മിനറൽ മിക്സ്ചർ (റഗുലേഷൻ ഓഫ് മാനുഫാക്ചർ ആൻഡ് സെയിൽ ) ഓർഡിനൻസ് 2021 ജൂലൈ 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2021-ലെ 65-ാം നമ്പർ ഓർഡിനൻസായി 2021 ജൂലൈ 3-ാം തീയതിയിലെ 1947-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിനുള്ള ഒരു ബിൽ 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞിരുന്നില്ല.

8. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള ലൈവ്സ്റ്റോക്ക് ആൻഡ് പൗൾട്രി ഫീഡ് ആൻഡ് മിനറൽ മിക്സ്ചർ (റഗുലേഷൻ ഓഫ് മാനുഫാക്ചർ ആൻഡ് സെയിൽ) ഓർഡിനൻസ് 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2021-ലെ 111-ാം നമ്പർ ഓർഡിനൻസായി 2021 ആഗസ്റ്റ് 25-ാം തീയതിയിലെ 2479-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

9. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിനുള്ള ഒരു ബിൽ 2021 ഒക്ടോബർ 4-ാം തീയതി ആരംഭിച്ച് 2021 നവംബർ 11-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞിരുന്നില്ല.

10. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ഓർഡിനൻസ് 2021 നവംബർ 13-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2021-ലെ 143-ാം നമ്പർ ഓർഡിനൻസായി 2021 നവംബർ 15-ാം തീയതിയിലെ 3349-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

11. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ട് വരുന്നതിനുള്ള ഒരു ബിൽ 2022 ഫെബ്രുവരി 18-ാം തീയതി ആരംഭിച്ച് 2022 മാർച്ച് 18-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞിരുന്നില്ല.

12. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ഓർഡിനൻസ് 2022 മാർച്ച് 31-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2022-ലെ 10-ാം നമ്പർ ഓർഡിനൻസായി 2022 മാർച്ച് 31-ാം തീയതിയിലെ 1102-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

13. പ്രസ്തുത ഓർഡിനൻസിന് പകരം ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ 111-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും ആയത് 2022 ജൂൺ 27 മുതൽ 2022 ജൂലൈ 21 വരെ നടന്ന പതിനഞ്ചാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞിരുന്നില്ല.

14. 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ഓർഡിനൻസിന് (2022-ലെ 10) 2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യമില്ലാതായിതീർന്നതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടതുള്ളതിനാലും പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞ ശേഷവും ബിൽ പാസ്സാക്കി ആക്റ്റായി ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിക്കുമുമ്പ് വരെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത എല്ലാ കാര്യങ്ങൾക്കും നടപടികൾക്കും സാധൂകരണം നൽകികൊണ്ട് സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ 15-ാം ഖണ്ഡത്തിൽ സാമ്പിൾ ശേഖരണവുമായി ബന്ധപ്പെട്ട ചെലവുകൾ, 17-ാം ഖണ്ഡത്തിൽ പരിശോധനാ ചെലവുകൾ, 26-ാം ഖണ്ഡത്തിൽ സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി യോഗം നടത്തിപ്പിനായുള്ള ചെലവുകൾ എന്നിവ വ്യവസ്ഥ ചെയ്യുന്നു.

കൂടാതെ ബില്ലിലെ 5-ാം ഖണ്ഡത്തിൽ ലൈസൻസ് ഫീസ്, 6-ാം ഖണ്ഡത്തിൽ ലൈസൻസ് പുതുക്കുന്നതിനുള്ള ഫീസ്,17-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡത്തിൽ ഫീഡ് സാമ്പിൾ പരിശോധനാ റിപ്പോർട്ട് ഫീസ് എന്നിവ ഉൾപ്പെടുന്ന റവന്യൂ മാർഗ്ഗങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നു.

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ വകുപ്പിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ തന്നെ ഉപയോഗിക്കുന്നതിനാൽ കൂടുതൽ ചെലവുകൾ പ്രത്യേകമായി ഉണ്ടാവുന്നില്ല. മുകളിൽ പറഞ്ഞിരിക്കുന്ന ആവർത്തക ചെലവുകൾക്കുള്ള ഫണ്ട് സർക്കാർ ക്ഷീരവികസന വകുപ്പിന് നൽകി വരുന്ന പദ്ധതി ശീർഷകത്തിൽ ആവശ്യമായ തുക വകയിരുത്തി ചെലവ് ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതോടെ ക്ഷീരവികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതാണ്. ലാബുകൾ, സാംമ്പിളിംഗിന്റെ ചെലവുകൾ, ലാബിലെ കെമിക്കലുകൾ, ഉപകരണങ്ങൾ, സാമ്പിൾ ശേഖരണം, സാമ്പിൾ പരിശോധന, വാഹനത്തിനുള്ള ഇന്ധനം തുടങ്ങിയവ വകുപ്പിന്റെ നിലവിലുള്ള പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണ്.

ആദ്യ സാമ്പത്തിക വർഷത്തിൽ അഞ്ച് ലക്ഷം രൂപയും അതിനുശേഷം തുടർന്നുവരുന്ന അഞ്ചുവർഷത്തേയ്ക്ക് അതിന്റെ 10% വാർഷിക വർദ്ധനവോടുകൂടിയ തുകയും ആവർത്തക ചെലവായി ഉണ്ടാകുന്നതാണ്. ആരംഭത്തിനുശേഷം ലൈസൻസിംഗ്, ലൈസൻസ് പുതുക്കൽ തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ വഴി തുക ലഭിക്കുന്നതുമൂലം സർക്കാർ അനുവദിക്കുന്ന സാമ്പത്തിക സഹായം കുറയ്ക്കാവുന്നതാണ്.

| ചെലവുകൾ | തുക |
|---|---|
| ആകെ ആവർത്തക ചെലവുകൾക്കുള്ള തുക | 5 ലക്ഷം രൂപ |
| ആകെ അനാവർത്തക ചെലവുകൾക്കുള്ള തുക | ഇല്ല (വകുപ്പിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ തന്നെ ഉപയോഗിക്കുന്നതിനാൽ അനാവർത്തക ചെലവുകൾ പ്രത്യേകമായി ഉണ്ടാവുന്നില്ല) |

ആദ്യ സാമ്പത്തിക വർഷത്തെ ആവർത്തക ചെലവും, 5 വർഷത്തേയ്ക്ക് വാർഷിക വർദ്ധനവോടുകൂടിയ തുകയും ക്ഷീരവികസന വകുപ്പിന്റെ ബഡ്ജറ്റിൽ വകകൊള്ളിക്കാവുന്നതാണ്.

## ഏല്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഏതൊരു പദാർത്ഥത്തേയും അവയുടെ ഉപയോഗമോ, സ്വഭാവമോ, ഗുണനിലവാരമോ കണക്കിലെടുത്ത് തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം ആയി പ്രഖ്യാപിക്കുന്നതിലേക്ക് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 2-ാം ഖണ്ഡത്തിന്റെ (എൻ) ഇനം വ്യവസ്ഥ ചെയ്യുന്നു.

2. ബില്ലിലെ 3-ാം ഖണ്ഡത്തിന്റെ (1)-ഉം (2)-ഉം (3)-ഉം ഉപഖണ്ഡങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയല്ലാതെ, കന്നുകാലികൾക്കും കോഴി വർഗ്ഗത്തിനും വേണ്ടിയുള്ള കോമ്പൗണ്ട് ഫീഡിന്റെ നിർമ്മാണത്തിൽ ഉപയോഗിക്കേണ്ടതും ഉപയോഗിക്കുവാൻ പാടില്ലാത്തതുമായ ഏതെങ്കിലും അധികതീറ്റവസ്തു അല്ലെങ്കിൽ ചേരുവകൾ സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 3-ാം ഖണ്ഡത്തിന്റെ (4)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

3. ബില്ലിലെ 4-ാം ഖണ്ഡത്തിന്റെ (1)-ഉം (2)-ഉം ഉപഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ളവയല്ലാതെ, കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും വേണ്ടിയുള്ള ധാതുലവണമിശ്രിതം നിർമ്മിക്കുമ്പോൾ ഉപയോഗിക്കേണ്ടതോ ഉപയോഗിക്കുവാൻ പാടില്ലാത്തതോ ആയ, ഏതെങ്കിലും ചേരുവകൾ സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 4-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

4. വിൽപനയ്ക്കും നിർമ്മാണത്തിനുമുള്ള ലൈസൻസിന്റെ നിബന്ധനകൾ, ലൈസൻസിന്റെ ഫോറം, തീറ്റയുടെ പരസ്യപ്രചാരത്തിൻമേലുള്ള നിയന്ത്രണങ്ങൾ, അൺഫയർ ട്രേഡ് പ്രാക്ടീസിൻമേലുള്ള നിരോധനം, നിർമ്മാതാക്കൾ, അംഗീകൃത ഏജന്റുമാർ, ഡീലർമാർ എന്നിവരുടെ ഉത്തരവാദിത്വങ്ങളും ബാധ്യതകളും വിപണിയിൽ നിന്നും തീറ്റ തിരിച്ച് വിളിക്കുന്ന നടപടിക്രമങ്ങളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 5-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

5. ലൈസൻസിംഗ് അതോറിറ്റിയെ നിയോഗിക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 10-ാം ഖണ്ഡത്തിന്റെ (i) ഇനം വ്യവസ്ഥ ചെയ്യുന്നു.

6. ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറെ നിയോഗിക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 10-ാം ഖണ്ഡത്തിന്റെ (ii) ഇനം വ്യവസ്ഥ ചെയ്യുന്നു .

7. ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറെ നിയോഗിക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 10-ാം ഖണ്ഡത്തിന്റെ (iii) ഇനം വ്യവസ്ഥ ചെയ്യുന്നു .

8. തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ നിർമ്മാണത്തിനും അല്ലെങ്കിൽ വിൽപനയ്ക്കും വേണ്ടിയുള്ള ലൈസൻസ് നൽകുന്ന രീതി നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 11-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു .

9. ഗുണനിലവാരത്തെക്കുറിച്ച് ഒരു പരാതി ലഭിക്കുമ്പോൾ, തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുടെ സാമ്പിളുകൾ ശേഖരിക്കുന്നതിനുള്ള നടപടിക്രമം നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 13-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു .

10. പരിശോധിക്കപ്പെട്ട തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും ഉടനടിയുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന് ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് ബോധ്യമാകുന്നപക്ഷം അതിവേഗപരിശോധനയ്ക്ക് വിധേയമാക്കേണ്ട രീതി നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 13-ാം ഖണ്ഡത്തിന്റെ (6)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു .

11. തെരയൽ, പിടിച്ചെടുക്കൽ, അന്വേഷണം തുടങ്ങുന്നതിനുള്ള നടപടിക്രമം എന്നിവ നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 13-ാം ഖണ്ഡത്തിന്റെ (10)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു .

12. കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ സാമ്പിളുകൾ പരിശോധന നടത്തുന്നതിന്റെ ആവശ്യത്തിലേയ്ക്കായി, കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാർ അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസികളാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ് അംഗീകരിച്ചതും സർക്കാർ അംഗീകരിച്ചിട്ടുള്ളതുമായ ഏതൊരു ലബോറട്ടറിയെയും പരിശോധന ലബോറട്ടറി ആയി അംഗീകരിക്കുന്നതിലേക്ക് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 14-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു .

13. സ്വന്തം കന്നുകാലികൾക്കോ കോഴിവർഗ്ഗത്തിനോ വേണ്ടി വാങ്ങിയ തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ സാമ്പിളുകൾ അംഗീകൃത ലബോറട്ടറിയിൽ നിന്നും പരിശോധിച്ചു നൽകുന്നതിനുള്ള ഫാറം നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 15-ാം ഖണ്ഡത്തിന്റെ (6)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു .

14. തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുടെ സാമ്പിൾ അംഗീകൃത ഫീഡ് ടെസ്റ്റിംഗ് ലബോറട്ടറി പരിശോധന നടത്തി നൽകുന്ന റിപ്പോർട്ടിന്റെ ഫാറം നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 17-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു .

15. ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ പിടിച്ചെടുക്കുന്ന തീറ്റ വസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുടെ കണ്ടുകെട്ടലിനും കയ്യൊഴിയലിനുമുള്ള രീതി നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 18-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു .

16. സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി എന്ന പേരിൽ ഒരു കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപവത്ക്കരിക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 26-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

17. സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയിലെ അംഗങ്ങൾക്ക് അർഹമായ ബത്തകളും സിറ്റിംഗ് ഫീസും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 26-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

18. ലൈസൻസിംഗ് അതോറിറ്റിയുടെ വാർഷിക റിപ്പോർട്ടിന്റെ ഫാറം നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 30-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

19. ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 34-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

20. ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ബില്ലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 35-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

21. ബില്ലിന്റെ ആവശ്യങ്ങൾക്കായി ഗസറ്റ് വിജ്ഞാപനം വഴി റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 36-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

22. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങളും റഗുലേഷനുകളും ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോട് കൂടിയതും ആകുന്നു. കൂടാതെ അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങളും റഗുലേഷനുകളും നിയമസഭയുടെ സൂക്ഷ്മ പരിശോധനക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

ജെ. ചിഞ്ചുറാണി.

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

2-ാം ഖണ്ഡം.—ബില്ലിലെ ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കുന്നതിന് ഉദ്ദേശിച്ചുക്കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.—കന്നുകാലിത്തീറ്റയിലും കോഴിത്തീറ്റയിലും ഉപയോഗിക്കേണ്ട തീറ്റ വസ്തുക്കൾ അല്ലെങ്കിൽ തീറ്റയുടെ ചേരുവകൾ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—ധാതുലവണമിശ്രിതത്തിന്റെ നിർമ്മാണത്തിൽ ഉപയോഗിക്കേണ്ട ചേരുവകളെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവയുടെ നിർമ്മാണത്തിനും വിൽപനയ്ക്കുമുള്ള ലൈസൻസ് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—ലൈസൻസ് പുതുക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ പാക്കിംഗ്, ലേബലിംഗ് എന്നിവ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—തീറ്റവസ്തുക്കൾ, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവയുടെ ഗുണനിലവാര നിയന്ത്രണം വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—നിലവാരമില്ലാത്തതോ മായം ചേർത്തതോ മിസ്ബ്രാന്റഡ് ആയതോ ആയ തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ നിർമ്മിക്കുന്നതിനും മറ്റുമുള്ള നിരോധനം വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി വിവിധ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—ലൈസൻസിംഗ് അതോറിറ്റിയുടെ അധികാരങ്ങൾ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറുടെ അധികാരങ്ങൾ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറുടെ അധികാരങ്ങൾ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—പരിശോധനാ ലബോറട്ടറികളെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.—സാമ്പിളിംഗിന്റെ നടപടി ക്രമങ്ങൾ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—സാമ്പിളിന്റെ പരിശോധന സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—സാമ്പിളിന്റെ പരിശോധനാ റിപ്പോർട്ട് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറാലുള്ള കണ്ടുകെട്ടലും കയ്യൊഴിയലും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—ലൈസൻസിംഗ് അതോറിറ്റിയാലുള്ള ന്യായനിർണ്ണയം വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—ശിക്ഷകൾ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി മുൻപാകെ അപ്പീൽ നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—കോടതിയാൽ വിചാരണ ചെയ്യേണ്ട കുറ്റങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—കുറ്റത്തിന്മേൽ നടപടിയെടുക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—കമ്പനികൾ, ഇൻസ്റ്റിറ്റ്യൂഷനുകൾ, സ്ഥാപനങ്ങൾ എന്നിവ ചെയ്യുന്ന കുറ്റങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.—കുറ്റകൃത്യത്തിന് സഹായിക്കുന്നതിനുള്ള ശിക്ഷ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.—സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ രൂപവത്ക്കരണം വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

27-ാം ഖണ്ഡം.—സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

28-ാം ഖണ്ഡം.—രേഖകൾ സൂക്ഷിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

29-ാം ഖണ്ഡം.—റിട്ടേണുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

30-ാം ഖണ്ഡം.—ലൈസൻസിംഗ് അതോറിറ്റിയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

31-ാം ഖണ്ഡം.—ഉദ്യോഗസ്ഥർ ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

32-ാം ഖണ്ഡം.—ആക്റ്റിന് അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

33-ാം ഖണ്ഡം.—അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കുന്നത് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

34-ാം ഖണ്ഡം.—ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

35-ാം ഖണ്ഡം.—വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

36-ാം ഖണ്ഡം.—ബില്ലിന്റെ ആവശ്യങ്ങൾക്കായി റഗുലേഷനുകൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

37-ാം ഖണ്ഡം.—2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ഓർഡിനൻസ് (2022-ലെ 10) പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പടുന്നതോ ആയ ഏതെങ്കിലും നടപടിയോ, പ്രസ്തുത ഓർഡിനൻസിന് പ്രാബല്യമില്ലാതായിതീർന്നതിനുശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതിക്ക് മുൻപും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ സാധൂകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ് ഈ ഖണ്ഡം.